Registered No. M. 5819 Licence No. 445. 12-7-45.

THE TREASURY OF KNOWLEDGE

ജ്ഞാനനിക്ഷേപം

Vol. LIX ഒക്ടോബർ 1956 No. 10.

സുവിശേഷഭാഷിണിയും കുടുംബപ്രിയവാദിനിയും

കൂടി ചേർന്ന

സംയുക്ത സഭാമാസിക

അപരനിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും
നിക്ഷേപങ്ങൾ ഉപകുമായിരിക്കുന്നു.

കൊലൊ. മ. ൩.

വരിസംഖ്യ — ആണ്ടിൽ 1 രൂ. 12 ണ. മാത്രം

അവർ താമസിക്കുന്ന ഭാഗത്തിനു സമീപമായി കുറച്ചു പാറക്കുട്ടമുള്ള ഒരു സ്ഥലം പ്രാർത്ഥനാലയം പണിയുന്നതിനായി തരാമെന്നു അതിന്റെ ഉടമസ്ഥൻ സമ്മതിച്ചിട്ടുണ്ട്. പുരുഷന്മാരും സ്ത്രീകളും കെട്ടിടം പണിയുന്നതിൽ അവരാൽ കഴിയുന്നതുപോലെ പ്രവർത്തിക്കാമെന്നും ഏറ്റിട്ടുണ്ട്. അവരുടെ ആവശ്യത്തിനുള്ള ഒരു പ്രാർത്ഥനാലയം അവിടെ പണിയുന്നതിനു ഏകദേശം രണ്ടായിരം രൂപാ വേണ്ടി വരും എന്നാണു കണക്കാക്കിയിരിക്കുന്നതു.

നമ്മുടെ എല്ലാ സണ്ടെസ്ക്കൂളുകളും ഒന്നു പ്രത്യേകം ശ്രമിക്കുമെങ്കിൽ നിശ്ചയമായിട്ടും വരുന്ന ജനുവരിമാസത്തിനകം ഈ തുക ഉണ്ടാക്കുവാൻ കഴിയുന്നതാണു. നമ്മുടെ മഹായിടവകയിലുള്ള പത്തു ഡിസ്ട്രിക്റ്റുകളും ഇരുപതുരൂപാവീതം ശേഖരിക്കുകയാണെങ്കിൽ ഈ കാര്യം സാധിക്കുമല്ലോ. അവിടെയുള്ള പാവപ്പെട്ട ക്രിസ്ത്യാനികൾക്കു ആരാധിപ്പാൻ ഒരു ചെറിയ ചാപ്പൽ മഹായിടവകയിലെ സണ്ടെസ്ക്കൂളുകളുടെ വകയായി ദാനം ചെയ്യാം. ഈ സെപ്തംബർ 20നു- അവിടെ ആദ്യത്തെ ബപ്തിസ്മ ശുശ്രൂഷ കഴിഞ്ഞു പതിനെട്ടു വർഷങ്ങൾ തികയുകയാണ്. ഒക്ടോബർമാസം 14നു- ഞായറാഴ്ച എല്ലാ സണ്ടെസ്ക്കൂളുകളിലും നടിക്കുട ഗ്രാമത്തിലെ പ്രവർത്തകനെയും അവിടെയുള്ള ക്രിസ്തീയ സഭയെയും പ്രത്യേകം ഓർത്തു പ്രാർത്ഥിക്കണമെന്നപേക്ഷിക്കുന്നു. അതേസമയം തന്നെ നടിക്കുടയിൽ ഒരു പ്രാർത്ഥനാലയം പണിയിക്കുന്നതിനു ഓരോ സണ്ടെസ്ക്കൂളിനും എന്തു ചെയ്യാൻ കഴിയും എന്നുള്ളതിനെക്കുറിച്ചു ആലോചിക്കുന്നതു നല്ലതായിരിക്കും. ഈ സംവത്സരം പതിവുപോലെ സണ്ടെസ്ക്കൂൾ കുട്ടികൾക്കായുള്ള സമ്മാനദാനം വേണ്ടാ എന്നുവച്ചു അതിനുവേണ്ടി മാറ്റി വെക്കുന്ന തുക ഈ പാവപ്പെട്ട ജനങ്ങൾക്കു ആരാധനയ്ക്കായി ഒരു 'ചാപ്പൽ' പണിയിച്ചു കൊടുക്കുന്നതിനുവേണ്ടി വാർഷികയോഗത്തിൽ സമർപ്പിക്കുന്നതു കുട്ടികൾക്കു സന്തോഷമായിരിക്കുമോ ഇല്ലയോ എന്നും മറ്റും ആലോചിക്കുവാനുള്ള ഒരു അവസരമാക്കി തീർക്കുവുന്നതാണു.

'നടിക്കുടചാപ്പൽ പക്കാൽമിഷ്യൻ' എന്ന നാമത്തിൽ പതിനാറു കോളങ്ങളുള്ള കാർഡുകൾ അച്ചടിപ്പിച്ചു കുട്ടികൾക്കു കൊടുക്കുന്നപക്ഷം അവർ വളരെ ബുദ്ധിമുട്ടുകൂടാതെ ഓരോ കാർഡിനും ഓരോ രൂപാവീതം പിരിച്ചു കൊണ്ടുവന്നു ഏല്പിക്കുന്നതാണു. ഓരോ സണ്ടെസ്ക്കൂളും ഓരോ പദ്ധതി രൂപീകരിച്ചു ഈ സംഗതി നിറവേറുന്നപക്ഷം നടിക്കുടയിലുള്ള പാവപ്പെട്ട ക്രിസ്തീയ സഹോദരസഹോദരികൾ എന്നും കൃതജ്ഞതയുള്ളവരായിരിക്കുന്നതാണു.

ക്രിസ്തീയ വിശ്വാസത്തിലും ക്രിസ്തീയഭക്തിയിലും വളർന്നുവരുന്ന ആ ചെറിയ സഭയെ വീണ്ടും എല്ലാ സണ്ടെസ്ക്കൂൾ കുട്ടികളുടെയും അദ്ധ്യാപകരുടെയും പ്രാർത്ഥനയ്ക്കായിട്ടു സമർപ്പിച്ചുകൊള്ളുന്നു.

എന്നു

റവ. ററി. എം. തോമസ്
മിഷനറി.

Parkal
(Via) Kazipet C. Ry,
8-9-'56.

പക്കാൽ മിഷ്യനറി നമുക്കെഴുതിയ അയച്ചിരിക്കുന്ന ഈ കത്തിൽ പറഞ്ഞിരിക്കുന്ന കാര്യം എത്രയും പ്രധാനപ്പെട്ട ഒന്നാണല്ലോ. ഇക്കാര്യം തന്നെ ഞാൻ മുമ്പൊരു കത്തിൽ പ്രസ്താവിച്ചിരുന്നതുമാണു. ഇതിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും പ്രകാരത്തിൽ ശേഖരിക്കുന്ന മുതൽ 'നടിക്കുട ചാപ്പൽ ഫണ്ട്' എന്ന പേരിൽ ആഫീസിൽ അടച്ചാൽ അതു ഈ ഉദ്ദേശത്തിനായി ചെലവഴിക്കുവുന്നതാണു. ഈ പ്രത്യേക മുതൽ ശേഖരണംമൂലം സാധാരണയായി നടിക്കുട പ്രവർത്തകന്റെ സന്ധിപ്പിനായി അയക്കുന്ന തുകയിൽ കുറവു വരുത്തുവുന്നതല്ല. ഈ മാസത്തിൽ ഞാൻ വേറെ കത്തു എഴുതുന്നില്ല. എന്നു

Pallam,
12-9-'56.

റവ. സി. ററി. മാത്യു,
സണ്ടെസ്ക്കൂൾ ജനറൽ സെക്രട്ടറി.

C. M. S. P.—328—2325—5-10-1956.
PRINTED AND PUBLISHED BY C. M. ITTY, AT THE C. M. S. PRESS
KOTTAYAM

THE TREASURY OF KNOWLEDGE

ജ്ഞാനനിക്ഷേപം

Vol. LIX | OCTOBER 1956 | No. 10

BISHOP'S LETTER

ബിഷോപ്പുതിരുമനസ്സിലെ കത്ത്

കർത്താവിൽ വാത്സല്യമുള്ളോരേ,

ഞാൻ കുടുംബസഹിതം 12നു- ബുധനാഴ്ച കൊട്ടാരക്കരവഴി മദ്രാസിലേക്കു പോന്നു. മദ്രാസിൽ താമ്പരത്തു ക്രിസ്ത്യൻ കോളേജ് കെട്ടിടങ്ങളിൽവച്ചു സിനഡു ലിറ്റർജി കമ്മറ്റി 13, 14, 15, 17 തീയതികളിൽ സമ്മേളിച്ചു. 14നു- സിനഡിന്റെ നിത്യാഹക കമ്മറ്റി യോഗം നടത്തപ്പെട്ടതിൽ മേഡാക്കിലെയും ഡോർണക്കലിലെയും ബിഷോപ്പന്മാർ ഉണ്ടായിരുന്നില്ല. 16നു- മദ്രാസിലെ നമ്മുടെ മലയാളം ഇടവകക്കാരുടെ പേക്ക് ഒരു ശുശ്രൂഷ നടത്തിയതിൽ അവിടത്തെ ഇടവകപ്പട്ടക്കാരനെ കൂടാതെ റവ. വി. ററി. കുര്യൻ, റവ. വി. എം. തോമസു, റവ. എൻ. ഐ. ജോസഫ് എന്നിവരും സംബന്ധിച്ചിരുന്നു. ഞാറിപതിനഞ്ചോളം സഭാംഗങ്ങൾ വിശുദ്ധസംസർഗ്ഗത്തിൽ പങ്ക് എടുത്തു. അന്നു ഉച്ചതിരിഞ്ഞു നമ്മുടെ ഇടവകയിലെ യുവജനങ്ങൾ ചെയ്യുവരുന്ന ഗ്രാമവേല സന്ദർശിച്ചു ചുരുക്കമായ ശുശ്രൂഷകൾ നടത്തിയശേഷം മടങ്ങിപ്പോന്നു. കഴിഞ്ഞ കത്തിൽ പ്രസ്താവിച്ചിരുന്നതുപോലെ 21നു- വെള്ളിയാഴ്ച പകൽ പതിനൊന്നു മണിക്കു വേദപുസ്തകസമൂഹത്തിന്റെ ജനറൽ സെക്രട്ടറി മി. മഹന്തിയോടൊരുമിച്ചു മദ്രാസിൽനിന്നു പറന്നു സിങ്കപ്പൂരിൽ രാത്രി എട്ടര മണിക്കു വന്നെത്തി. അവിടത്തെ നമ്മുടെ സഭാംഗങ്ങളായ മലയാളികൾ പലരും വിമാനത്താവളത്തിൽ വന്നിട്ടുണ്ടായിരുന്നു. അവിടെ ഞങ്ങൾ Air India International കാരുടെ ഹോട്ടലിൽ താമസിച്ചു. പിറ്റേ ദിവസമായ ശനിയാഴ്ച പല ചടങ്ങുകളിൽ സംബന്ധിപ്പാനുണ്ടായിരുന്നു. ചില വേനങ്ങൾ സന്ദർശിച്ചശേഷം, ഭദ്രാസനപ്പള്ളിയിൽവച്ചു മൂന്നു കുട്ടികളുടെ ബപ്തീസ്മ മലയാളത്തിൽ നടത്തി. അവിടത്തെ ബിഷോപ്പുതിരുമേനി ഫർലോ അവധിക്കു പോയിരിക്കയാൽ കമ്മീസ്സറിയായ വെനറബിൾ ആർച്ചുഡീക്കൻ Woods എന്ന ഹേത്തോടു ഒരുമിച്ചു ലഞ്ചുകഴിക്കയും നമ്മുടെ മലയാളി ഇടവകയുടെ ഭാവിസംബന്ധിച്ച പല സംഗതികൾ ആലോചിക്കയും ചെയ്തശേഷം നമ്മുടെ സഭാംഗങ്ങളുടെ രണ്ടു പുതിയ വേനങ്ങളും പാർസനേജും പ്രതിഷ്ഠിക്കയും ചെയ്തു. പിന്നീടു തമിഴരും മലയാളികളും ചേർന്ന ഒരു സ്വീകരണവും മാർത്തോമ്മാ സഭാംഗങ്ങളുടെ വകയായ വേറൊരു സ്വീകരണവും കഴിഞ്ഞതിൽ പിന്നീടു ക്രൈസ്റ്റ്റുചർച്ചിൽ വച്ചു വൈകുന്നേരത്തെ ശുശ്രൂഷയും ഡിന്നർ പാർട്ടിയും കഴിഞ്ഞിട്ടു ചർച്ചുകമ്മറ്റിക്കാരുടെ ചില പ്രത്യേകം ആവശ്യങ്ങളെക്കുറിച്ചു ആലോചിച്ചശേഷം 11 മണിക്കുശേഷം താമസസ്ഥലത്തു മടങ്ങി എത്തി. ഞായറാഴ്ച രാവിലെ 9 മണിക്കു അവിടെനിന്നു പുറപ്പെടേണ്ടതായിരുന്നതിനാൽ 6. 30 മണിക്കു മലയാളത്തിൽ വിശുദ്ധസംസർഗ്ഗശുശ്രൂഷയും പ്രസംഗവും കഴിഞ്ഞു. വിമാനത്താവളത്തിൽ എത്തി ഇന്തോനേഷ്യാ റിപ്പബ്ലിക്കിന്റെ തലസ്ഥാനനഗരമായ ജക്കാർട്ടായിലേക്കു പോന്നു. ഏകദേശം 12 മണിക്കു ഇവിടെ വന്നുചേർന്നു.

ജകൎറാട്ടാ എന്ന ഈ നഗരം ജാവാ എന്ന ദ്വീപിലാണ്. ഏകദേശം മൂന്നു മില്യൻ ആളുകൾ ഇവിടെ പാൎപ്പുണ്ട്. ഇതു സിങ്കപ്പൂർ പോലെ അതിവൃത്തിയുള്ള മനോഹരമായ ഒരു നഗരമത്രെ. ഇവിടെ അനേകം പള്ളികളും ക്രിസ്തീയ സ്ഥാപനകളുമുണ്ട്. മദ്രാസിലെ പ്പോലെ വലിപ്പമുള്ള സി. എൽ. എസ്സിന്റെ ഒരു സ്ഥാപനത്തിന്റെ ചുമതല വഹിക്കുന്ന ഒരു ഡച്ചു മിഷ്യനറി Dr. VERKUYL അവർകളുടെകൂടെയാണ് ഞങ്ങൾ താമസിക്കുന്നതു്. ഇന്നലെയും ഇന്നുമായി ഞങ്ങളുടെ U. B. S. യോഗത്തിൽ സംബന്ധിക്കുന്നതിനുള്ള അംഗങ്ങൾ വന്നുചേൎന്നിരിക്കുന്നു. എല്ലാവരും കൂടെ ഇവിടെനിന്നു 120 മൈൽ ദൂരെയുള്ള ബന്ഡുഗ് എന്ന സ്ഥലത്തുപോയി അവിടെ യോഗങ്ങൾ ഒരാഴ്ച നടത്തുന്നതായിരിക്കും. രണ്ടാംതീയതിയോടെ യോഗങ്ങൾ അവസാനിക്കുമ്പോൾ വിമാനത്തിൽ ഇടംകിട്ടുന്നുപോലെ ഞാൻ ഉടനെ മടങ്ങുന്നതാകുന്നു. ഈ യാത്രാവേളയിൽ മദ്രാസിലും സിങ്കപ്പൂരിലുമുള്ള നമ്മുടെ സഭാംഗങ്ങളെ മാത്രമല്ല, മറ്റു അനേക നിലകളിലുമുള്ള ദൈവജനങ്ങളെ കാണുന്നതിനും കൂട്ടായ്മയുള്ള അവസരങ്ങൾ ലഭിച്ചതിലും ദൈവത്തെ സ്തുതിക്കുന്നു.

നമ്മുടെ പാപ്പുവാമിഷ്യനു പകരമായി ഇണ്ടോനേഷ്യയിൽ വേല ആരംഭിക്കുന്നതിനു സൌകൎയ്യങ്ങൾ ഉള്ളതായി പ്രസ്താവിച്ചിട്ടുള്ളതിനെക്കുറിച്ചു ഇവിടുത്തെ മിഷ്യനറി കമ്മറ്റി അംഗങ്ങളിൽ ചിലരുമായി ആലോചന ആരംഭിച്ചിട്ടുണ്ടു. ദൈവം തന്റെ തിരുഹിതം ലക്ഷിണേന്ത്യാ സഭയെക്കുറിച്ചു ഏതുവിധത്തിൽ എന്നു തെളിയിച്ചു തരുമാറാകട്ടെ. ഇവിടെ അന്വേഷിച്ചടത്തോളം ക്രിസ്തീയ പ്രവൎത്തനം ഇതുവരെയും ആരംഭിച്ചിട്ടില്ലാത്ത പല കേന്ദ്രങ്ങളും സൌകൎയ്യമായിട്ടുണ്ടു എന്നു ചിലർ പറകയുണ്ടായി. അതിനുള്ള വഴിയും വാതിലും ദൈവാത്മാവു തുറന്നു തരുന്നതിനു ഏവരുടെയും പ്രാൎത്ഥനയെ അപേക്ഷിച്ചുകൊള്ളുന്നു.

മോണിക്കുമന്ദിരത്തോടു ചേൎന്നു ഒരു ചാപ്പൽ പണിയുന്നതിനു ആരംഭിച്ചിരിക്കുന്നതു ഇതിനു മുമ്പു ഏവരും അറിഞ്ഞിരിക്കുമല്ലോ. മോണിക്കുമന്ദിരം കഴിഞ്ഞ ഒൻപതു വൎഷങ്ങൾക്കിടയിൽ സ്തുത്യൎഹമായ പുരോഗതി പ്രാപിക്കയും പലപ്രകാരത്തിൽ അതു മഹായിടവകയിൽ പ്രയോജനകരമായ സേവനം നിവൃത്തിച്ചു പോരികയും ചെയ്യുന്നു എന്നുള്ളതുകൊണ്ടു ഇപ്പോൾ ആരംഭിച്ചിരിക്കുന്ന ചാപ്പൽ പണി സംരംഭത്തിലും ഏവരും സഹായസഹകരണങ്ങൾ നല്കി അവിടെ ചുമതല വഹിക്കുന്നവൎക്കു വേണ്ട പ്രോത്സാഹനം നല്കുമെന്നാശിക്കുന്നു.

പട്ടക്കാൎക്കായുള്ള ധ്യാനയോഗം അടുത്ത പത്തു മുതൽ പതിമൂന്നു വരെയുള്ള തിയ്യതികളിൽ പള്ളത്തു ബൈബിൾ കോളേജിൽവച്ചു നടത്തപ്പെടുന്നതിനുവേണ്ടി നമ്മുടെ മഹായിടവകയുടെ പുരോഗതിയെ കാംക്ഷിക്കുന്ന ഏവരുടെയും താല്പൎയ്യമായ പ്രാൎത്ഥനകൾ അഭ്യൎത്ഥിച്ചുകൊള്ളുന്നു. ഇടവകകൾ ആത്മികാഭിവൃദ്ധി പ്രാപിക്കണമെങ്കിൽ ഇടവകപ്പട്ടക്കാർ ഭക്തനും പുരുഷനും പ്രാപിക്കേണ്ടതു അത്യാവശ്യമാണല്ലോ. അതിനു ദൈവമായ കൎത്താവു വേണ്ടകൃപയും പരിശുദ്ധാത്മശക്തിയും പകൎന്നു തരട്ടെ.

കൎത്താവിൽ നിങ്ങളുടെ വാത്സല്യമുള്ള,

Djakarta—Indonesia
Sept. 24, 1956

C. K. JACOB,
Bishop.

പത്രാധിപക്കുറിപ്പു്

സഭൈക്യം

'ലക്ഷിണേന്ത്യാസഭ' ഉടലെടുത്തിട്ടു കഴിഞ്ഞ സെപ്തംബർ 27നു ഒൻപതു വർഷം തികഞ്ഞിരിക്കുന്നു. ഇതിനോടകം അതിനുണ്ടായിട്ടുള്ള വളൎച്ചയും, പുരോഗമനവും വിശേഷസഭാനേതാക്കളെപ്പോലും സമാകർഷിക്കുവാൻ പര്യാപ്തമായിട്ടുണ്ടു. ഈ സഭയുടെ ആവിർഭാവകാലത്തു 'ലോകത്തിലേക്കും വലിയ തെറ്റു' എന്ന അൎത്ഥം വരത്തക്കവിധത്തിൽ പ്രസംഗിക്കുകയും എഴുതുകയും അവഹേളനാപരമായി ചിന്തിക്കുകയും ചെയ്തിട്ടുള്ള അനേകരുടെയും അഭിപ്രായങ്ങൾ പാടെ വ്യത്യാസപ്പെട്ടു കഴിഞ്ഞിരിക്കുന്നു. 'ലോകത്തിലേക്കും വലിയ അ

തിശയം' എന്ന അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യർ തമ്മിൽ മത്സരിച്ചു പിരിയുന്നതിലും പ്രയാസമാണു തമ്മിൽ യോജിക്കുന്നതു. എന്നാൽ മനുഷ്യനാൽ അസാദ്ധ്യമെങ്കിലും ദൈവത്താൽ സകലവും സാദ്ധ്യമത്രെ.

ഈ സഭയെക്കുറിച്ചു നേരിട്ടു അന്വേഷിക്കുന്നതിനും പഠിക്കുന്നതിനുമായി ഈ കാലയളവിൽ വിവിധ സഭാപ്രതിനിധികളും പല സന്ദർശനങ്ങൾ നടത്തിയിട്ടുണ്ടു. സെപ്തംബർ മാസാരംഭത്തോടുകൂടെ അമേരിക്കൻ പ്രോട്ടസ്റ്റന്റു എപ്പിസ്കോപ്പൽ സഭയുടെ അഞ്ചു പ്രതിനിധികളിൽ രണ്ടു പേർ (റവ. ജി. എം. ഡേയ്, ഡോ. സി. പി. മോർഹൗസ്) നമ്മുടെ മഹായിടവകയിൽ ചില ദിവസങ്ങൾ ചെലവഴിച്ചു. മഹായിടവകയിലെ ചില സഭകളും കേന്ദ്രങ്ങളും അവർ സന്ദർശിച്ചു വളരെ സന്തുഷ്ടി പ്രകടിപ്പിക്കയുണ്ടായി. ക്രൈസ്തവസഭ ഭിന്നിച്ചു കിടക്കുന്നതു പാപമാണെന്നും, ക്രിസ്തുവിൽ ഒന്നായിത്തീരുകയെന്നതാണു ദൈവഹിതമെന്നുമുള്ള ദൃഢ ശക്തിയോടെ നമ്മുടെ സഭാമുഖാന്തരം പ്രചരിച്ചുകൊണ്ടിരിക്കുന്നു.

ഇന്നു ഉത്തരേന്ത്യയിലും, സിലോണിലും സഭൈക്യത്തെക്കുറിച്ചുള്ള സംഭാക്ഷണങ്ങൾ നടന്നുകൊണ്ടാണിരിക്കുന്നതു. അടുത്ത ഭാവിയിൽ അതു സാധിച്ചു കാണാൻ നമുക്കു ആഗ്രഹിക്കയും പ്രാർത്ഥിക്കുകയും ചെയ്യാം. ലോകത്തിന്റെ മറ്റു ഭാഗങ്ങളിലും ഐക്യത്തിന്റെ ആവശ്യത്തെക്കുറിച്ചുള്ള ബോധം വളരെയധികം ഉണ്ടായിട്ടുണ്ടു. മരുമിച്ചുകൂടി ചർച്ചകൾ നടത്തുവാനും ഭേദാഭേദങ്ങൾ പഠിക്കുവാനുമുള്ള ആഗ്രഹം വളരെ വർദ്ധിച്ചിട്ടുണ്ടു. അഖിലലോകസഭാകൌൺസിൽ ഇതിനുള്ള രംഗങ്ങൾ സൃഷ്ടിച്ചും നേതൃത്വം നല്കിയും സഹായിക്കുമെന്നു വിശ്വസിക്കാം.

സഭകൾ തമ്മിലുള്ള യോജിപ്പുപോലെയോ അതിനേക്കാൾ പ്രാധാന്യമർഹിക്കുന്നതോ ആയ ഒന്നാണു സഭയുടെ ഉള്ളിലുള്ള യോജിപ്പു. നമ്മുടെ മഹായിടവകയ്ക്കു ഒരു പ്രത്യേകതയുള്ളതു പന്ത്രണ്ടോ, പതിന്നാലോ വിവിധസാമൂഹ്യനിലകളിൽ നിന്നു കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ള വരാണു അതിന്റെ അംഗങ്ങൾ എന്നതാണു. ഒരു കാലത്തു പരസ്പരം അടുത്തുകൂടാതവണ്ണം ജാതിവ്യത്യാസങ്ങൾ പുലർത്തിക്കൊണ്ടിരുന്നവർ ക്രൂശിന്റെ പിന്നിൽ അണിനിരന്നു രത്തൊരുമിച്ചുനിന്നു പ്രവർത്തിക്കുന്നതു എത്ര വലിയ ഒരു സാക്ഷ്യമാണു. കഴിഞ്ഞ പാർലിമെന്റു സമ്മേളനത്തിൽ പ്രധാനമന്ത്രി നെഹ്രു ഇപ്രകാരം പ്രസ്താവിക്കയുണ്ടായി. "ഈ പാർലിമെന്റിലെ ഓരോ അംഗവും അവരവരുടെ സംസ്ഥാനപ്രതിനിധിയെന്നല്ല, ഇന്ത്യയുടെ പ്രതിനിധിയെന്നാണു തങ്ങളേക്കുറിച്ചുതന്നെ ചിന്തിക്കേണ്ടതു" ഇതു ഒരു രാഷ്ട്രത്തെക്കുറിച്ചു വാസ്തവമെങ്കിൽ സഭയെക്കുറിച്ചു എത്രയധികം വാസ്തവമാണു. ഓരോ സഭ (Parish) യിലെയും ഇടവകയിലെയും അംഗങ്ങൾ തങ്ങൾ മഹായിടവകയുടെ അംഗങ്ങളെന്നും മാത്രമല്ല മക്ഷിണേന്ത്യാസഭയുടെ അംഗങ്ങളെന്നും ക്രിസ്തുവിന്റെ ശരീരമായ 'കാതോലിക്' സഭയുടെ അംഗങ്ങളെന്നും ആണു ചിന്തിക്കേണ്ടതു. വ്യക്തികളോ ഗ്രൂപ്പുകളോ ഇടവകകളോ ഇതിനു വിപരീതമായി ചിന്തിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നെങ്കിൽ അതു ക്രിസ്തുവിനോടും തന്റെ സഭയോടുമുള്ള അവിശ്വസ്തതയായിത്തീരുന്നതാണു. മക്ഷിണേന്ത്യാസഭ എന്നും നിലകൊള്ളുന്ന ഈ ഐക്യതയുടെ ദൃഢ ശക്തിയോടെ പ്രചരിപ്പിക്കുന്നതിനു നമുക്കു ശ്രമിക്കാം.

മോക്ഷപ്രവേശനവും അതിനുള്ള യോഗ്യതയും

(By Koshi John)

ഒരു രാജാവിനെ മുഖം കാണിക്കുന്നവർക്കു വസ്ത്രധാരണം സംബന്ധിച്ചു ചില നിയമങ്ങൾ പാലിപ്പാനുണ്ടു. കോട്ടിന്റെ നിറം ഇന്നതായിരിക്കണമെന്നും അതിന്റെ ഇറക്കം ഇത്ര ഇഞ്ചു നീളമായിരിക്കണമെന്നും മറ്റുമുള്ള നിയമത്തിനു അവർ കീഴ്പ്പെട്ടിരിക്കണം. തങ്ങൾക്കു ബോധിച്ച വേഷത്തിൽ തിരുമുമ്പിൽ ഹാജരാകുവാൻ അനുവദിക്കപ്പെടുന്നതല്ല. ഒരു ലൌകിക രാജാവിനെ കാണുന്നതിനു ഇത്ര കർശനമായ നിയമം ഉണ്ടെങ്കിൽ സ്വർഗ്ഗീ

രാജാവിന്റെ തിരുമുമ്പിൽ അടുത്തു വരുന്നതിനുള്ള നിയമം ഇതിലും എത്ര മടങ്ങു കർശനമായിരിക്കും.

എങ്കിലും അനേകായിരങ്ങളും വിചാരിക്കുന്നതു തങ്ങൾക്കു ബോധിച്ച വേഷത്തിൽ മോക്ഷത്തിലേക്കു കടക്കാമെന്നു ആകുന്നു. കല്യാണവസ്ത്രം ഇല്ലാതെ വിരുന്നുശാലയിൽ പ്രവേശിച്ച രാജപുത്രന്റെ കല്യാണവിരുന്നിന്റെ ഉപമയിലെ ധിക്കാരിക്കുണ്ടായ ഭവിഷ്യം ഓർക്ക! എവർക്കും ബോധിച്ച വേഷവുമായി കയറി ചെല്ലുവാൻ ഒരു സ്ഥലമല്ല സ്വർഗ്ഗം എന്നു മനുഷ്യൻ ഓർക്കുന്നില്ല. 'റോമാ പട്ടണത്തിലേക്കു പ്രവേശിക്കുന്നതിനു പല വഴികൾ ഉണ്ട്' എന്നൊരു പഴഞ്ചൊല്ല് ഇംഗ്ലീഷിൽ ഉണ്ട്. അതുപോലെ ഏതു വഴിയിൽക്കൂടെയും മോക്ഷത്തിലേക്കു കടക്കാമെന്നു എല്ലാ മതക്കാരിലും അനേകായിരങ്ങളും വിചാരിക്കുന്നു. അനേകരും സത്യനീതിയുടെ വസ്ത്രം ഉടുത്തുകൊണ്ടു സ്വർഗ്ഗത്തിൽ കയറുവാൻ നോക്കുന്നു. ഭക്തിയുടെ പുറമേയുള്ള വേഷം മാത്രം ധരിച്ചുകൊണ്ടു അവർ നടക്കുന്നു. ഉള്ളിലോ അസൂയയും, സ്വാർത്ഥതയുംകൊണ്ടു നിറഞ്ഞിരിക്കുന്നു! വിഴുപ്പു പിടിച്ചു നാറുന്ന ഒരു കീറത്തുണി അടിയിൽ ഇട്ടുകൊണ്ടു അതിന്റെ മീതെ അലക്കി ഇസ്തിരി ഇട്ട വെള്ളവസ്ത്രം ധരിച്ചാലും അകത്തുനിന്നുള്ള ദുർഗ്ഗന്ധം അടുത്തുനില്ക്കുന്നവരെ അകറ്റി കളയും. അതുപോലെ ഈ കപടവേഷധാരികളുടെ സാക്ഷാലുള്ള സ്വഭാവം അവരുടെ സംസാരത്തിൽനിന്നും പ്രവൃത്തികളിൽനിന്നും പൊട്ടി പുറപ്പെട്ടുകൊണ്ടിരിക്കും.

അസൂയയും, സ്വാർത്ഥതയും, സ്വർഗ്ഗത്തിൽ ഇല്ല. ദൈവം സകലത്തിന്റെയും ഉടയവനും സർവ്വസമ്പന്നനും ആയിരുന്നിട്ടും സ്വാർത്ഥതയും അവിടെ തീണ്ടീട്ടുപോലുമില്ല. തന്റെ സമ്പത്തുകൊണ്ടു മറ്റുള്ളവരെ ആത്മിക സമ്പന്നരാക്കുന്നതിലത്രെ ദൈവത്തിന്റെ സന്തോഷം. പ്രപഞ്ചത്തെ നോക്കുക! മനുഷ്യന്റെ സുഖത്തിനുവേണ്ടി എത്ര വലിയ കരുതലുകൾ ദൈവം ചെയ്തിരിക്കുന്നു. സൃഷ്ടിപ്പു സമയത്തു കരയുന്ന കാക്കകുഞ്ഞുങ്ങളുടെ ചെയ്തികളോടു ദൈവം ഓർത്തു അവയ്ക്കു വേണ്ട കരുതലുകളെ അവൻ ചെയ്തിട്ടുണ്ടു. 'ദൈവം ദുഷ്ടന്മാരുടെമേലും നല്ലവരുടെമേലും തന്റെ മഴയെ പെയ്യിക്കയും സൂര്യനെ ഉദിപ്പിക്കയും ചെയ്യുന്നു.' സ്വാർത്ഥതയും സ്വാർത്ഥതയും ദൈവത്തിന്റെ ഗുണങ്ങൾ അല്ല. ധനവാന്റെ പടി വാതിൽക്കൽ വ്രണംകൊണ്ടു അലിഞ്ഞു നാറികിടന്ന ദരിദ്രനായ ലാസർ മരിച്ചപ്പോൾ ഇത്രയും പാവപ്പെട്ട ഒരുത്തനെ അബ്രഹാമിന്റെ മടിയിലേക്കു കൂട്ടി കൊണ്ടു പോകുന്നതു തങ്ങളുടെ സ്ഥിതിക്കു പോരായ്മയെന്നോ, അഭിമാനകരമല്ലെന്നോ അവർക്കു തോന്നിയില്ല.

ഹാ! സ്വർഗ്ഗത്തിലെ അന്തരീക്ഷം ഭൂമിയുമായി താരതമ്യപ്പെടുത്തി നോക്കിയാൽ സ്വർഗ്ഗം എത്ര വ്യത്യാസപ്പെട്ടതു! അസൂയയും സ്വാർത്ഥതയുമില്ലാത്ത ഈ സ്ഥലത്തേക്കാകുന്നു നമുക്കു കയറി ചെല്ലാനുള്ളതു. കപടഭക്തിയുടെയും സ്വാർത്ഥനീതിയുടെയും വസ്ത്രം ധരിച്ചുകൊണ്ടു ആ പരിശുദ്ധക്കൂട്ടത്തിൽ വസിക്കാമെന്നു ആശിക്കുന്ന മനുഷ്യൻ എത്ര ദോഷൻ! എന്നാൽ നമുക്കു ധരിപ്പാനുള്ള വസ്ത്രം എന്താകുന്നു.

മൂടിയൻപുത്രന്റെ ഉപമയിലെ ഇളയമകൻ തിരിച്ചുവന്നപ്പോൾ അവൻ വീട്ടിൽ വന്നു കയറുന്നതിനു മുമ്പായി അപ്പൻ ഓടിച്ചെന്നു അവനെ കണ്ടു ഓടിച്ചെന്നു അവനെ കെട്ടിപിടിച്ചു ആലിംഗനം ചെയ്തു എന്നു പറഞ്ഞിരിക്കുന്നു. ഉടനെ വേലക്കാരോടു പറഞ്ഞതു 'മേൽത്തരമായ അങ്കികൊണ്ടുവന്നു ഇവനെ ഉടുപ്പിപ്പിൻ' എന്നായിരുന്നു. അവന്റെ പഴയകീറിപറിഞ്ഞു നാറുന്ന അങ്കിയുമായി വീട്ടിൽ വന്നു കയറുന്നതു ആ വീടിന്റെ ശ്രേയസ്സിനും മഹത്വത്തിനും വീട്ടുടയവനായ അപ്പന്റെ അവസ്ഥയ്ക്കും അനുയോജ്യമായിരുന്നതിനാൽ ജ്ഞാനിയായിരുന്ന ആ അപ്പൻ വീട്ടിൽനിന്നു ഓടിച്ചെന്നു പഴയ ഉടുപ്പു നീക്കി മേൽത്തരമായ അങ്കി ധരിപ്പിച്ചു കൈക്കു മോതിരവും കാലിനു പുതിയ ചെരിപ്പുകളും ഇട്ടുവിച്ചു വീട്ടിലേക്കു കയറ്റി എന്നുള്ള ചിന്ത 'ഹാ! എത്ര മനോഹരമായിരിക്കുന്നു. ഇതാകുന്നു ദൈവം ഇന്നും ചെയ്യുന്നതു.

മോക്ഷത്തിനു നമ്മെ യോഗ്യരാക്കി തീർക്കുന്നതിനു കർത്താവായ യേശു മുപ്പത്തിമൂന്നര സംവത്സരത്തെ ജീവിതംകൊണ്ടു നമുക്കുവേണ്ടി ഒരു അങ്കി നെയ്തുണ്ടാക്കുകയായിരുന്നു. നീ

തിയുടെ ഈ അങ്കി നീതിയുടെ ദൈവസിംഹാസനം വിലമതിക്കുന്നതാകുന്നു. മരണത്തോടുകൂടെ നാം ഓരോരുത്തരും നമ്മുടെ നിത്യഭവനത്തിൽ ചെല്ലുന്നതിനു മുമ്പായി നാം ഇവിടെ വെച്ചു അതു ഉടുക്കണം. സ്വർഗ്ഗീയ കൊട്ടാരത്തിലെ നിയമമനുസരിച്ചുള്ള അങ്കി ആകുന്നു ഇതു. ജീർണ്ണിച്ചതും നാറുന്നതുമായ പഴയ ഉടുപ്പു മാറ്റിക്കൊണ്ടുവേണം ഇതു ഉടുപ്പാൻ. അതു മാറ്റാതെ അതിന്റെ മീതെ ഇതു ധരിക്കുന്ന എങ്കിൽ അടിയിൽ കിടക്കുന്നതിന്റെ ഒട്ടു സ്പർശത്താൽ പുതിയതു മലിനപ്പെടുകയാണെന്നു നാം ഓർക്കണമെ. സർട്ടീസിലെ സഭക്കാരെപോലെ നമ്മുടെ ഉടുപ്പു മലിനമാക്കാതിരിപ്പാൻ നാം കരുതേണ്ടതാകുന്നു.

എങ്ങനെ ആകുന്നു ഈ പുതിയ ഉടുപ്പു ധരിക്കേണ്ടതു? സത്യ അനുതാപത്താൽ പഴയ ഉടുപ്പു നാം മാറുകയാകുന്നു. വീണ്ടും ജനനത്താൽ പുതിയ ഉടുപ്പു ധരിക്കുകയാകുന്നു. കർത്താവു നീക്കോദെമോസിനോടു പറഞ്ഞ വാക്കുകൾ എത്രയും ശ്രദ്ധേയമായിരിക്കുന്നു. 'പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല' (യോഹ. 3. 3). വീണ്ടും ജനനം എന്നാൽ അതു 'ക്രിസ്തുയേശുവിൽ ആകുകയാകുന്നു.' അതു യേശുവിന്റെ മനസ്സിനോടും ചിന്തയോടും ലയിക്കുകയാകുന്നു. പിന്നെ ജീവിക്കുന്നതു അവൻ അല്ല ക്രിസ്തു അവനിൽ ജീവിക്കുകയാകുന്നു. 'ഒരുവൻ ക്രിസ്തുയേശുവിൽ ആയാൽ അവൻ ഒരു പുതിയ സൃഷ്ടി ആകുന്നു. പഴയതെല്ലാം നീങ്ങിപോയി' എന്നു എഴുതപ്പെട്ടിരിക്കുന്നു.

മോക്ഷത്തിലേക്കുള്ള പ്രവേശനത്തിനു തങ്ങളെ യോഗ്യരാക്കി തീർക്കുന്ന ഈ പുതിയ ഉടുപ്പു ധരിച്ചിരിക്കുന്ന ഏവരും 'സന്തോഷത്തോടും ഉല്ലാസത്തോടുംകൂടെ അവരെ കൊണ്ടുവരും അവർ രാജമന്ദിരത്തിൽ പ്രവേശിക്കും.' (സങ്കീ. 45. 15).

വീണ്ടും ജനിപ്പിക്ക എന്നെ—മാപരിശുദ്ധാത്മാ!
മാവല്ലഭദേവാത്മാ!—വീണ്ടും ജനിപ്പിക്കദേവ
വാക്കിനാൽ ദേവാത്മാ:

നമ്മുടെ പാട്ടുകൾ

ഓരോ രാജ്യത്തിനും അതതിന്റേതായ സംഗീതനിധികൾ ഉണ്ട്. അവയെ ഓരോ രാജ്യക്കാരും വളരെ വിലമതിച്ചുപോരുന്നുണ്ട്. മനോഹരങ്ങളായ പല പാട്ടുകളും ദൈവിക ചിന്തയിലും ധ്യാനത്തിലും നിന്നുളവായിട്ടുള്ളവയാണ്. ദൈവാരാധനയിൽ ഇപ്രകാരമുള്ള പാട്ടുകൾ എല്ലാ സമുദായക്കാരും ഉപയോഗിച്ചുപോരുന്നുണ്ട്. ചിലർ, പാട്ടുകൾ ആരാധനയ്ക്കുള്ള ചടങ്ങുകളിൽ ഒന്നായി മാത്രം കരുതിപ്പോരുന്നു. ആരാധനയിൽ ഉന്മേഷം നല്കുവാനും ഒരുമിച്ചുള്ള ആരാധനയിൽ ചിന്തയെ സമാഹരിക്കുവാനും ഭക്തിനിർഭരമായ സാഹചര്യം സൃഷ്ടിപ്പാനും മറ്റും മാത്രമല്ല, നമുക്കു തന്നാത്താൻ സാദ്ധ്യമല്ലാത്തവണ്ണം ഉന്നതവും ശ്രേഷ്ഠവുമായ വിധത്തിൽ നമ്മുടെ ആഗ്രഹങ്ങളെയും അഭിലാഷങ്ങളെയും ദൈവസന്നിധിയിൽ എത്തിപ്പാൻ ഉപകരിക്കുന്ന ഒരു മുഖാന്തരം കൂടെയാണ് സംഗീതം.

എന്നാൽ ഇതു സാദ്ധ്യമാകണമെങ്കിൽ ആരാധനകളിൽ ഉപയോഗിക്കുന്ന സംഗീതങ്ങൾക്ക് തദനുസരണമായ സ്വഭാവങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. അങ്ങനെയുള്ള സ്വഭാവങ്ങൾ വിരളമാകയാലാണ് സിനിമാരാഗങ്ങളിലും മറ്റുമുള്ള ആധുനിക ഉണവ്വ് ഗീതങ്ങൾ ആരാധനയിൽ ഉപയോഗിക്കാത്തതു. ആരാധനയിൽ ഉപയോഗിക്കുന്ന പാട്ടുകളുടെയും ഉണവ്വ് ഗീതങ്ങളുടെയും ഉദ്ദേശ്യങ്ങൾ തന്നെ വ്യത്യസ്തങ്ങളാണല്ലൊ.

ഭാരതത്തിലെ ഹിന്ദുവിനോ മറ്റേതെങ്കിലും മതസ്ഥനോ ക്രിസ്തീയ ആരാധന ആകർഷണീയമായി തോന്നണമെങ്കിൽ അതിനെ ഭാരതീയമാക്കിത്തീർക്കണമെന്നുള്ള അഭിപ്രായം കേട്ടു തുടങ്ങിയിട്ടു നാളുകൾ വളരെയായി. അതിൽ നിന്നു ഉദ്ദേശിക്കുന്നതെന്തെല്ലാമെന്നു പ്രായോഗികമായി ഗ്രഹിക്കുവാൻ സാധിച്ചിട്ടില്ലെങ്കിലും ഭാരതീയരാഗങ്ങൾ ഉപയോഗിച്ചു പാട്ടുകൾ പാടുന്നതു അതിൽ ഉൾപ്പെടുന്നുണ്ടെന്നുള്ളതിനു സംശയമില്ല. സി. എസ്സ്. ഐ. സഭയിൽ ഇപ്രകാരമുള്ള പാട്ടുകൾ ഇല്ലെന്നും പാശ്ചാത്യരീതികളെ നാം സ്വീകരിച്ചു പോരികയാണെന്നും ഒരു പരാതി പലയിടങ്ങളിൽനിന്നും കേൾക്കുന്നുണ്ട്. പക്ഷേ യാക്കോബായ, മത്തോമ്മാ, റോമാ, സഭകളിൽ

ഉപയോഗിച്ചുവരുന്ന പാട്ടുകൾ ഭാരതീയരാഗങ്ങളിലല്ലപാടുന്നതെന്ന് നിരൂപണകർത്താക്കൾ ഗ്രഹിച്ചിട്ടുണ്ടോ എന്തോ; വിവിധഭാരത സംഗീതോപകരണങ്ങൾ ഉപയോഗിച്ച് ഭാരതീയ രാഗങ്ങളിൽ പള്ളികളിൽ പാടുന്നതു ആരാധനാഭാരതീകരിക്കുന്നതിനു മതിയായതാണെന്നു ചിലർ ചിന്തിക്കുന്നുണ്ടു. എന്നാൽ വിവിധ താളമേളങ്ങളോടുകൂടെ പാടുന്നതു എത്രമാത്രം ആത്മീകപ്രതീതി ഉളവാക്കുന്നതിനു സാധിക്കുമെന്നും സഹായകരമായിരിക്കുമെന്നും അറിഞ്ഞുകൂടാ. പരിമിതമായ താളമേളങ്ങളോടുകൂടെ ദേശീയരാഗങ്ങളിൽ പാട്ടുകൾ പാടുന്നതു ചേർച്ചയായിരുന്നേക്കാം.

എന്നാൽ ആംഗല സംഗീതം നമുക്ക് അനുയോജ്യമല്ലെന്ന കണ്ണുമടച്ചുപറഞ്ഞുകളയുന്നതു ശരിയല്ല. സ്വരങ്ങൾ (Parts) പാടുന്നതു ചിലർക്കു അരോചകമായി തോന്നാറുണ്ട്. പാടുന്നതിൽ കാണിക്കുന്ന വൈകല്യമാണ് ഇതിനു കാരണം. നാലുസംഘം ആളുകൾ മാസം നടത്തുന്ന വിധത്തിൽ സ്വരങ്ങൾ ചേർത്താൽ പാട്ട് അരോചകമായിതോന്നും. ആംഗല സംഗീതംരചിച്ചിരിക്കുന്നതു ഒരുരാഗവും (Tune) അതിനെ പോഷിപ്പിക്കുന്നതിനു Alto, Tenor, Bass എന്ന മൂന്നു സ്വരങ്ങളും ചേർത്താണെന്നു കാണുകൊണ്ടും സ്വരങ്ങൾ മൂലം രാഗത്തെ മുക്കികളയാതെയും, രാഗത്തിനു സ്വാതന്ത്ര്യം ഭംഗിയും കൊടുക്കുകയാണ് സ്വരങ്ങളുടെ ഉദ്ദേശമെന്നും ധരിച്ചുകൊണ്ടും, ശരിയായപരിശീലനം കഴിച്ചു പാടുമെങ്കിൽ ആംഗല സംഗീതവും ആരാധനയിൽ സഹായകരമായിരിക്കും.

ക്രിസ്ത്യാനിമാത്രം സാവ്വലൌകികമായിരിക്കുന്നതു പോലെ ക്രിസ്തീയ സംഗീതവും സ്വാർത്ഥോദ്ദേശ്യമെന്നോ വിദേശ്യമെന്നോ ഉള്ളുപരിചിന്തനത്തിൽ പെടുത്താതെ എവിടെ നിന്നായാലും ശ്രേഷ്ഠമായുള്ളതിനെ സ്വീകരിച്ചു പ്രയോജനപ്പെടുത്തുന്നതത്രെ നമ്മുടെ കർത്തവ്യം.

M. K. M.

ഉത്തരകേരളവാർത്ത

ബിഷോപ്പതിരുമനസ്സിലെ വള്ളിത്തോട്ട സഭാസന്ദർശനം

ഈ മഹായിടവകയുടെ ബിഷോപ്പായ റൈറ്റു റവ. റിച്ചാർഡു ലിപ്പു തിരുമേനിയും, ഡയോസിസൻ സെക്രട്ടറി റവ. എൻ. ഐ. ജോസപ്പച്ചനും കൂടി സെപ്തംബർ 9നു ഒമ്പതര മണിക്കു വള്ളിത്തോട്ട സഭ സന്ദർശിച്ചു. സ്ഥിരീകരണം, വിശുദ്ധസംസർഗ്ഗം മുതലായ ദിവ്യശുശ്രൂഷകൾ നടത്തുകയും വി. യോഹ. 21. 17 അടിസ്ഥാനപ്പെടുത്തി ഭക്തിപരമായ ഒരു പ്രസംഗം ചെയ്യുകയും ചെയ്തു. ഇടവകപ്പട്ടക്കാരൻ റവ. തോമസു ജയിക്കുബച്ചൻ കണ്ണൂരിൽനിന്നും തലേദിവസം സ്ഥലത്തു വന്നു സ്ഥിരീകരിക്കപ്പെടുവാനുള്ളവരെ പരിശോധിക്കയും മറ്റു ക്രമീകരണങ്ങൾ ചെയ്യുന്നതിനു സഹായിക്കയും ചെയ്തു. പത്തുപേർ സ്ഥിരീകരിക്കപ്പെട്ടു. 57 പേർ വിശുദ്ധസംസർഗ്ഗത്തിൽ പങ്കുചേർന്നു. അടുത്തതായി കൂടിയ പൊതുയോഗത്തിൽ, വള്ളിത്തോട്ട സഭയുടെ എട്ടുകൊല്ലത്തെ ചുരുങ്ങിയ ചരിത്രം, പുതിയ പള്ളിപണിയുടെ ആവശ്യം ഇവ അവതരിപ്പിച്ചു. ആരംഭത്തിലും അവസാനത്തിലും സ്വാഗതവും നന്ദിപറച്ചിലും എൻ. വി. ജേക്കബു തന്നെ നടത്തി. തിരുമനസ്സിന്റെ മറുപടി പ്രസംഗത്തിൽ 100 രൂ. സ്വന്തമായി സംഭാവന ചെയ്തു. മഹായിടവകയിലും പുറമെനിന്നും സഹായങ്ങളും സംഭാവനകളും സ്വീകരിക്കുന്നതിനും പിരിവെടുക്കുന്നതിനും സഹായിക്കാമെന്നും പ്രസ്താവിച്ചു. 12. 30 മണിയോടുകൂടി പോർട്ടലാണ്ട് എസ്റ്റേറ്റു സൂപ്രണ്ടു മി. പി. സി. ജോക്കുപായുടെ ക്ഷണപ്രകാരം മാംകുട്ടത്തിനു പോകയും അവിടെവച്ചു ഉച്ചഭക്ഷണം കഴിഞ്ഞു മടങ്ങിപ്പോകയും ചെയ്തു.

എല്ലാവരുടേയും പ്രാർത്ഥനാപൂർവ്വമായ സഹായങ്ങൾ അഭ്യർത്ഥിക്കുന്നു.

N. V. JACOB, വള്ളിത്തോട്.

പരേതനായ മി. ററി. ഐ. ഇത്താക്ക്

എരുമാപ്രസഭയിലെ കൈക്കാരനായിരുന്ന തറേപ്പാക്കൽ മി. ററി. ഐ. ഇത്താക്ക് ആഗസ്റ്റ് മാസം 14നു 58-ാമത്തെ വയസ്സിൽ വളരെ പ്രത്യാശയുള്ളവനായി കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. മൂത്തരണ്ടു പുത്രന്മാർ വിവാഹിതരാണ്. ഇളയ ആറുമക്കളും കോളേജിലും സ്കൂളിലുമായി വിദ്യാഭ്യാസം ചെയ്തുകൊണ്ടിരിക്കുന്നു. ഇദ്ദേഹം ചെറുപ്പം മുതൽ തന്നെ സഭാകാര്യങ്ങളിൽ വളരെ തല്പരനായിരുന്നു. ഫിഡിൽ വായനയിൽ സമർത്ഥനായിരുന്നതിനാൽ പെരുന്നാൾ മുതലായ വിശേഷാവസരങ്ങളിൽ സംഗീതസമ്മേളനങ്ങൾ നടത്തിയിരുന്നതു രസകരമായിരുന്നു. സണ്ടെസ്കൂൾ, വൈ. എം. സി. എ. എന്നിവയുടെ പ്രവർത്തകനായും ചർച്ചുകമ്മറ്റി, കൌൺസിലുകൾ ഇവയുടെ അംഗമായും 25 വർഷക്കാലത്തോളം വിശ്വസ്തസേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ഒരു ദൈവഭക്തനും, തികഞ്ഞ സമുദായസ്നേഹിയും, പരോപകാരതല്പരനുമായിരുന്ന ഇദ്ദേഹം വളരെ ക്ലേശങ്ങൾ സഹിച്ചുപോലും ദേശത്തിന്റെയും സഭയുടെയും മഹായിടവകയുടെയും ഉൽക്കർഷത്തിനായി പ്രവർത്തിച്ചിട്ടുള്ളതിനെ വിസ്മരിക്കുവാൻ നിവൃത്തിയില്ല. ആറു മാസക്കാലത്തോളം പ്രമേഹരോഗത്താൽ ബാധിതനായി കിടപ്പിലായിരുന്നു. മരിക്കുന്നതിനു തലേ ദിവസം ഇടവകപ്പട്ടക്കാരൻ റവ. ജോൺ ചാണ്ടി അദ്ദേഹത്തെ സന്ദർശിച്ചപ്പോൾ, "ഞാൻ യേശുവിനോടുകൂടെപ്പോകുന്നു അവിടെവച്ചു കാണാം" എന്നു പറഞ്ഞു യാത്ര ചോദിച്ചു. 15നു ശവസംസ്കാരവേളയിൽ, വീട്ടിൽവച്ചു മി. പി. എം. മനുവേൽ ഉപദേശിയും, പള്ളിയിൽവച്ചു അച്ചനവർകളും ചരമപ്രസംഗങ്ങൾ നടത്തി. ഗായകസംഘത്തിന്റെ ഗാനാലാപത്തോടും, കുരിശുകുട മുതലായവയുമായി ഒരു വമ്പിച്ച ജനാവലി വിലാപയാത്ര നടത്തി പള്ളിസിമിത്തേരിയിൽ ശവസംസ്കാരകർമ്മം യഥാവിധി നിർവ്വഹിച്ചു. പരേതന്റെ പ്രിയ ഭാര്യയുടെയും, കുഞ്ഞുങ്ങളുടെയും ദുഃഖം അതിരറ്റതായിരുന്നു. സ്വർഗ്ഗസ്ഥനായ ദൈവം അവരെ ആശ്വസിപ്പിക്കട്ടെ.

P. J. VARKEY, *Erumapra.*

പരേതനായ ഡോ. കെ. ചാണ്ടി

തിരുവനന്തപുരം പബ്ലിക്ക് ഹെൽത്തു് ലാബറട്ടറിയിലെ മെഡിക്കൽഓഫിസറായിരുന്നു, റിട്ടയർ ചെയ്ത ഡോ. കെ. ചാണ്ടി, വാർദ്ധക്യസഹജമായ സുഖക്കേടു നിമിത്തം തന്റെ അറുപത്തഞ്ചാമത്തെ വയസ്സിൽ തിരുവനന്തപുരത്തുള്ള സ്വവസതിയിൽവച്ചു ഓഗസ്റ്റ് 23നു വ്യാഴാഴ്ച രാത്രി 8 മണിക്കു കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരകർമ്മം ഓഗസ്റ്റ് 24നു വെള്ളിയാഴ്ച അഞ്ചു മണിക്കു റവ. ററി. ബി. ബഞ്ചമിനച്ചന്റെ കാർമ്മികത്വത്തിൽ നാനാജാതിമതസ്ഥരായ ഒരു വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിൽ തിരുവനന്തപുരം ക്രൈസ്റ്റ്ചർച്ച് സെമിറ്ററിയിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു. പരേതൻ ഒരു ശ്ലാഘ്യമായ കുടുംബാംഗവും. സി. എം. എസ്സ്. കോളേജ് ഹൈസ്കൂളിലെ ഒരദ്ധ്യാപകനായിരുന്ന പരേതനായ ശ്രീ പി. കെ. കുഞ്ഞൻ മാസ്റ്ററുടെ ദ്വിതീയപുത്രനുമാണ്. തിരുവിതാംകൂറിൽ ആദ്യമായി പേപ്പട്ടി വിഷത്തിനു വിദഗ്ദ്ധമായ ചികിത്സ തുടങ്ങിയതു പരേതനാണെന്നുള്ളതും സ്മരണീയമാണ്. അനേക വർഷക്കാലം തിരുവനന്തപുരത്തു പ്രശസ്തമായ സേവനം നടത്തിയിരുന്ന പരേതന്റെ നിര്യാണം തിരുവനന്തപുരം നിവാസികൾക്കു ഒരു തീരാനഷ്ടം തന്നെയാണ്. ഒരുത്തമ വിശ്വാസിയും സാധുജനസേവകനും ആയിരുന്ന പരേതന്റെ ജീവിതം മറ്റുള്ളവർക്കു മാതൃകാപരമായ ഒരനുഭവം തന്നെ ആയിരുന്നു.

K. JACOB, *Olesha.*

വാർത്തകളും കുറിപ്പുകളും

സ്ഥലംമാറ്റങ്ങളും നിയമനങ്ങളും

റവ. മാത്യു മാത്യുവിനെ കൂട്ടിക്കൽനിന്നും കൊടുങ്കോടത്തേക്കു സ്ഥലം മാറ്റുകയും വിദേശപഠനത്തിനുശേഷം തിരിച്ചെത്തിയിരിക്കുന്ന റവ. ജോസഫ് മാത്യു, റവ. എൻ. ററി. ജേക്കബു എന്നിവരെ യഥാക്രമം കൂട്ടിക്കലേക്കും പെരുന്തുരുത്തിക്കും നിയമിക്കുകയും ചെയ്തിരിക്കുന്നു. കൂടാതെ ജോലിയിൽനിന്നും വിരമിച്ച മി. വി. എം. പോത്തനുപകരം മി. പൈലോ ഡേവിഡിനെ വൈക്കത്തിനും മി. യേശുദാസനെ നൂറനാട്ടേക്കും നിയമിച്ചിരിക്കുന്നു.

ഒരു യാത്രയയപ്പു. സ്ഥലം മാറിപ്പോകുന്ന ഇടവകപ്പട്ടക്കാരൻ റവ. മീത്തു മാത്യു ബി. എ., ബി. ഡി. യെ യാത്രയയക്കുന്നതിനായി കൂട്ടിക്കൽ ഇടവകാംഗങ്ങളുടെ ഒരു യോഗം പള്ളിയിൽവച്ചു റവ. കെ. ഐ. കോശിയച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി. മെ. കെ. എച്ച്. ഇട്ടിയവിരാ, സി. എം. ഫിലിപ്പ് കുഞ്ഞൻ ജേക്കബു, പി. മാമ്മൻ സഖറിയാ എന്നിവർ പ്രസംഗിച്ചു. മാത്യു അച്ചന്റെ സമുചിതമായ മറുപടി പ്രസംഗവും മി. സി. ഒ. പോത്തന്റെ കൃതജ്ഞതാ പ്രകടനവും കൊണ്ടു യോഗം മംഗളമായി പര്യവസാനിച്ചു.

സണ്ടെസ്ക്കൂൾ അദ്ധ്യാപകസമ്മേളനം

മേലുകാവു ഇടവകയിലുള്ള മൂന്നു സണ്ടെസ്ക്കൂളുകളിൽനിന്നും ഏകദേശം 60 അദ്ധ്യാപകർ ചേർന്ന ഒരു യോഗം 1956 സെപ്തംബർ 21നു മേലുകാവിൽ വച്ചു സമ്മേളിച്ചു. രാവിലെ 9മണിക്കു ഇടവകപ്പട്ടക്കാരൻ റവ. ജേക്കബു വറുഗീസു അച്ചനവർകൾ വിശുദ്ധസംസ്ക്കൃവും പ്രസംഗവും നടത്തി. 2തിമൊ. 3. 16, 17 ആധാരമാക്കി "നായകൻ ക്രിസ്തുവിനെ അനുഗമിക്കുന്നവനും വഴികാട്ടി വഴി നിശ്ചയമുള്ളവനുമായിരിക്കണം" എന്നു ശക്തിയായി പ്രബോധിപ്പിച്ചു.

പിന്നീടു മാതൃക, നിരൂപണക്ലാസ്സുകൾ, മദ്ധ്യസ്ഥപ്രാർത്ഥന, പാഠസജ്ജീകരണം സഭയും സണ്ടെസ്ക്കൂളും എന്ന വിഷയത്തെക്കുറിച്ചുള്ള ചർച്ചകൾ മുതലായവ ഓരോരോ അദ്ധ്യാപകർ നിർവ്വഹിച്ചതു വളരെ പ്രയോജനകരമായിരുന്നു. ഈ കൂട്ടായ്മകൊണ്ടു അദ്ധ്യാപകർ തമ്മിലുള്ള സ്നേഹൈക്യങ്ങൾ പുലർത്തുന്നതിനും തങ്ങളുടെ ചുമതലയിൽപ്പെട്ട കുഞ്ഞുങ്ങളെക്കുറിച്ചുള്ള ഭാരവാഹിത്വം വർദ്ധിക്കുന്നതിനും ഇപ്രകാരമുള്ള യോഗങ്ങൾ മൂന്നുമാസത്തിലൊരിക്കൽ നടത്തണമെന്നു തീരുമാനിക്കുന്നതിനും സാധിച്ചു.

ഈ യോഗത്തിന്റെ ക്രമീകരണങ്ങൾ ഭക്ഷണം മുതലായവ സ്ഥലത്തെ ചർച്ചുകമ്മറ്റിക്കാർ ഭംഗിയായി നിർവ്വഹിച്ചതു പ്രത്യേകം പ്രസ്താവ്യമത്രെ. 5. 30-നു സമ്മേളനം മംഗളമായി പര്യവസാനിച്ചു.

Melukavu,
21-9-'56.

A. J. GEORGE,

പാമ്പാടി ഇടവകയുടെ ഇടവകകൂട്ടായ്മ പുനരാരംഭിക്കുന്നതിനായി സെപ്തംബർ 1നു ഈസ്റ്ററു മീനടം പള്ളിയിൽവച്ചു ഒരു യോഗം കൂടുകയും തുടർന്നുള്ള പ്രവർത്തനത്തിനായി റവ. വി. ജെ. സ്തിഫനച്ചൻ രക്ഷാധികാരിയായും മി. എൻ. എം. ശമുവേൽ പ്രസിഡെണ്ടായും മി. എം. ഡി. ഐസക്കു സെക്രട്ടറിയായും ഒരു കമ്മറ്റിയെ തെരഞ്ഞെടുക്കുകയും ചെയ്തു. മാസാവസാനത്തിലെ ശനിയാഴ്ചതോറും ഓരോ സ്ഥലത്തുവച്ചു കൂടുന്നതിനു തീരുമാനിച്ചു. എല്ലാവരുടെയും പ്രാർത്ഥനയെ ക്ഷണിച്ചുകൊള്ളുന്നു.

എം. ഡി. ഐസക്ക്.

ഔഷധങ്ങളും അവയുടെ ഉചിതമായ ഉപയോഗവും നമ്പർ 3.

രോഗനിരോധനശക്തി വർദ്ധിപ്പിക്കുന്ന ഔഷധങ്ങൾ

ഡോ. ക്ലെയർ തോംസൺ

ഇൻഡ്യൻ ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ പ്രിവൻറീവു മെഡിസിൻ കമ്മിററി പ്രസിദ്ധപ്പെടുത്തുന്നതു്.

കഴിഞ്ഞ ലേഖനത്തിൽ ഗോവസൂരി പ്രയോഗം കൊണ്ടു മസൂരിയെ തടയുന്നതിനെപ്പററി പ്രതിപാദിക്കുകയായിരുന്നു. ചില സാധാരണ രോഗങ്ങൾക്കു നിദാനമായ രോഗാണുക്കളെ തടയുന്നതിനുള്ള പ്രതിരോധശക്തി ജനിപ്പിക്കുന്നതിനെപ്പററി ഇപ്പോൾ ചിന്തിക്കാം. കഴിഞ്ഞ കാലത്തു അനേകം മരണത്തിനിടവരുത്തിയ രോഗങ്ങളെ തടയുന്നതിനുള്ള പ്രതിരോധശക്തി സംലബ്ധമായിരുന്നില്ല. ചില രോഗങ്ങൾക്കെതിരായുള്ള പ്രതിരോധശക്തി കരഗതമാക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററി ചില കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

എ. രോഗനിരോധനശക്തി വ്യക്തികൾക്കു ലഭിക്കുത്തക്കവണ്ണം സർക്കാർ ആസ്പത്രികളിലോ പൊതുജനാരോഗ്യവകുപ്പോ ചെയ്യുന്ന കുത്തിവെയ്പുകൾ.

മസൂരി. ഈ രോഗത്തിനുള്ള തൃപ്തികരമായ പ്രതിരോധശക്തി ഗോവസൂരി പ്രയോഗത്തിനുശേഷം മൂന്നുവർഷത്തേക്കു സജീവമായി നിലനില്ക്കുന്നു. കുട്ടികൾ ജനിച്ചു കഴിഞ്ഞു, കഴിയുന്നിടത്തോളം നേരത്തെ ഗോവസൂരി പ്രയോഗത്തിനു വിധേയരാക്കണം. ഗോവസൂരി പ്രയോഗസമയത്തും അതിനുശേഷവും മുറിവിൽകൂടി പ്രവേശിക്കുന്ന മറെറാ രോഗാണുക്കൾ ഉപദ്രവമുണ്ടാക്കിയേക്കാം. ഇതിൽനിന്നും സുരക്ഷിതരാകാൻ ഗോവസൂരി പ്രയോഗത്തിനുപയോഗിക്കുന്ന ഉപകരണങ്ങളും തച്ചും രോഗാണുവിമുക്തമായിരിക്കണം. പരു ഉണങ്ങിയിരിക്കുത്തക്കവണ്ണം സൂക്ഷിക്കണം. വ്രണത്തിൽ നിന്നും ചലം പുറപ്പെട്ടുകയാണെങ്കിൽ ഈച്ചകൾ വന്നു പററാതിരിക്കാൻ സൂക്ഷിക്കേണ്ടതാണു്.

കോളറായും പേ ളഗും. കുത്തിവയ്പുകൊണ്ടു ഈ രോഗങ്ങൾക്കെതിരെയുണ്ടാകുന്ന പ്രതിരോധശക്തി ഏതാനും മാസങ്ങാലത്തേക്കെ നീണ്ടുനിൽക്കുകയുള്ളു. അയൽപക്കത്തുനിന്നും രോഗപ്പകർച്ചയുണ്ടാകാനിടയുള്ള പക്ഷം പൊതുജനാരോഗ്യഉദ്യോഗസ്ഥൻ കുത്തിവയ്പിനുള്ള ഏർപ്പാടുകൾ ചെയ്യുന്നതാണു്.

പേ. ഒരിക്കൽ ശരീരത്തിൽ പ്രവേശിച്ചു പേ ഇഴുകിയാൽ ഈ ഭയങ്കരരോഗം മരണത്തിലെ അവസാനിക്കുകയുള്ളു. പട്ടി കടിച്ചു ഏതാനും ആഴ്ചകൾക്കുശേഷമെ പേ ഇളകുകയുള്ളു. പേപ്പട്ടി കടിച്ച ഉടനെ ഉടൻതന്നെ ആശുപത്രിയിലേക്കു മാററി ഈ രോഗം വികസിക്കാതിരിക്കാനുള്ള കുത്തിവെപ്പുകൾ നൽകേണ്ടതാണു്.

ബി. ഒരാശുപത്രിയിൽ നിന്നോ ഒരു ഡോക്ടറിൽനിന്നോ ലഭിക്കുന്ന കുത്തിവെപ്പു.

സന്നിപാതജ്വരം. കുടിക്കുന്ന ജലം മലിനപ്പെടുന്നതിനു ഇന്ത്യയിൽ സാധ്യതയുള്ളതിനാൽ മൂന്നു മാസത്തിൽ കൂടുതൽ പ്രായമുള്ള എല്ലാവരെയും ഈ രോഗത്തിനെതിരായി കുത്തിവെക്കേണ്ടതാണു. ആദ്യമായി ഒരാഴ്ച ഇടയിട്ടു രണ്ടു കുത്തിവെപ്പുകൾ ആവശ്യമാണു. തുടർന്നു വർഷംപ്രതി ഓരോ കുത്തിവെപ്പും.

ക്ഷതസന്നി (Tetanus) ഈ രോഗത്തിന്റെ അണുക്കൾ കുതിരകളുടെയും പശുക്കളുടെയും വിസർജ്ജനവസ്തുക്കളോടു ചേർന്നു മണ്ണിൽ കാണപ്പെടുന്നു. വെറും നിസ്സാരമായ മുറിവിൽകൂടിയും രോഗാണുക്കൾ ശരീരത്തിൽ പ്രവേശിച്ചെന്നു വരും. രോഗത്തിന്റെ ആദ്യ ലക്ഷണമായ മൂർച്ചയുണ്ടാകുന്നതിനു ഏതാനും ദിവസങ്ങൾ വേണ്ടിവരും. തന്നിമിത്തം മുറിവിൽ മലിനവസ്തു പ്രവേശിക്കുന്നപക്ഷം മുറിവുണ്ടായാൽ ഉടൻതന്നെ ഒരു കുത്തി

വെപ്പു എടുക്കേണ്ടതാണു. ഈ കുത്തിവെപ്പു ശരീരത്തിനു രോഗാണുക്കളോടു ചെറുക്കുന്നതിനുള്ള ശക്തി നല്കും. പലർക്കും വിശിഷ്യാ കുട്ടികൾക്കു ഒരു കുത്തിവെപ്പിനുള്ള ആവശ്യകതയെപ്പറ്റി ചിന്തിക്കുന്നതിനു പോലുമിടയില്ലാത്തവണ്ണം മറിവു ചെറുതായിരിക്കും.

ഈ വിധത്തിൽ രോഗാണുക്കൾ പ്രവേശിക്കാനിടയുള്ളതിനാൽ കുട്ടികൾക്കു ക്ഷതസന്നിക്കെതിരായുള്ള കുത്തിവെപ്പു ഒരു മാസം ഇടയിട്ടു മൂന്നു പ്രാവശ്യം നല്കുന്നതു നല്ലതാണു. ഈ കുത്തിവെപ്പുകൾ അഞ്ചു വർഷക്കാലത്തേക്കു സുരക്ഷിതത്വം നല്കുന്നു. മുറിവു വലിയവണ്ണമുണ്ടാകുമ്പോഴും ഒരു ബൂസ്റ്റർ കുത്തിവെപ്പു ബുദ്ധിപൂർവ്വകമാണു. ക്ഷതസന്നി രോഗാണുക്കളെ തടയാൻ ശരീരത്തിലുള്ള പ്രതിരോധശക്തിയെ പൂർണ്ണമായി സജീവമാക്കുന്നതിനാണു ബൂസ്റ്റർ കുത്തിവെപ്പു ചെയ്യുന്നതു്.

വില്ലൻചുമയും ഡിഫ്ത്തീരിയായും. ഈ രോഗങ്ങൾ കുട്ടിക്കാലത്തു സാധാരണവും ഗൗരവതരവുമാണു. ഒരു കൂട്ടു കുത്തിവെപ്പുകൊണ്ടു രണ്ടു രോഗങ്ങളെയും തടയുന്നതിനുള്ള പ്രതിരോധനശക്തി ലഭിക്കുന്നു. ഈ കുത്തിവെപ്പിനാൽ ക്ഷതസന്നിയും തടയാവുന്നതാണു. ശിശുവിനു മൂന്നു മാസം പ്രായം കഴിഞ്ഞുള്ള ഏതു കാലഘട്ടത്തിലും ഈ കുത്തിവെപ്പു ചെയ്യാവുന്നതാണു. ഒരു മാസം ഇടയിട്ടു ഈ കുത്തിവെപ്പു രണ്ടുപ്രാവശ്യംകൂടി ആവർത്തിക്കപ്പെടുന്നു. തുടർന്നു രണ്ടാമാണ്ടു വയസ്സിലും സ്കൂളിൽ ചേർക്കുന്നതിനു മുമ്പും ഈ കുത്തിവെപ്പു നടത്തപ്പെടുന്നു.

സി. പ്രത്യേക പരിശീലനം ലഭിച്ചവരാൽ നൽകപ്പെടുന്ന കുത്തിവെപ്പു: ക്ഷയം. ബി. സി. ജി. കുത്തിവയ്പ്പുന്നതിനു നല്ല പരിശീലനം ലഭിച്ച ആളുകൾ ആവശ്യമാണു. ക്ഷയരോഗത്തെ തടയുന്നതിനുള്ള പ്രതിരോധശക്തി ഇല്ലാത്തവർക്കു മാത്രമേ ഇതു ചെയ്യാവൂ. രോഗനിരോധനശക്തി ഉണ്ടോ എന്നു അറിയുന്നതിനു പ്രാരംഭ കുത്തിവെപ്പുമൂലം പരിശോധിക്കുന്നു. തുടർന്നു പ്രതിരോധശക്തിയില്ലാത്തവർക്കു ആഴ്ചയിൽ മൂന്നു കുത്തിവെപ്പു ആവശ്യമാണ്.

ഈ രോഗങ്ങളെല്ലാം ഗുരുതരവും അനേകം മരണങ്ങൾക്കിടവരുത്തുന്നതുമാണു. ഒരാൾക്കു രോഗനിരോധനശക്തി ഉണ്ടെങ്കിലും രോഗമുണ്ടായി എന്നു വരാം. അതിന്റെ അർത്ഥം രോഗനിരോധനശക്തിക്കതീതമായ ഭയങ്കര രോഗബാധ അയാൾക്കുണ്ടെന്നാണു. ഈ രോഗബാധ ചെറിയ തോതിലായിരിക്കാനാണിടയുള്ളതു. പ്രതിരോധശക്തി ലഭിക്കുന്നവരിൽ മരണം അപൂർവ്വമാണ്.

നിങ്ങളും നിങ്ങളുടെ കുടുംബവും ഈ രോഗങ്ങളിൽനിന്നും സുരക്ഷിതരാണോ? അല്ലെങ്കിൽ അവരിൽ രോഗനിരോധനശക്തി ഉണ്ടാക്കുന്നതു പ്രയോജനകരമല്ലേ. രോഗം സുഖപ്പെടുത്തൽ വ്യയഹേതുകവും രോഗം വരാതെ സൂക്ഷിക്കുന്നതു ചെലവു കുറവും ആകുന്നു.

തർജ്ജമ,
കെ. വി. മാമ്മൻ, ബി. എ.

പ്രതിദിന വേദപുസ്തകവായനക്കുറിപ്പുകൾ—ഒക്ടോബർ—1956

11നു. (ഫിലി.) റോമ. 4. 1—12. വിശ്വാസത്താലുള്ള നീതി ന്യായപ്രമാണവുമായി പൊരുത്തമുള്ളതാണെന്നു എന്നുള്ളതാണു ഈ അദ്ധ്യായത്തിലെ സ്ഥായിയായ വിഷയം. (1—8 വാ) അബ്രഹാം ദൈവത്താൽ അംഗീകരിക്കപ്പെട്ടതു പ്രവൃത്തികൊണ്ടാണെന്നതുമല്ല, വിശ്വാസത്താലത്രെ. (3 വാ) ഉല്പ. 15. 6 ഇവിടെ ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. അബ്രഹാമിന്റെ വിശ്വാസം എന്നതു യഹൂദവേദശാസ്ത്രത്തിന്റെ അസ്ഥിവാരമത്രെ. "പരിശോധനയിൽ അബ്രഹാം വിശ്വസ്തനായി കാണപ്പെട്ടിട്ടില്ലയോ? അതു അവനു നീതിയായി കണക്കിട്ടു. മക്കാബി 2. 52 Pinlo പത്തിലധികം പ്രാവശ്യം ഈ വാക്യം ഉദ്ധരിക്കുകയും വ്യാഖ്യാനിക്കുയും ചെയ്തിട്ടുണ്ടു. "നമ്മുടെ പിതാവായ അബ്രഹാം ഈ ലോകവും വരുവാനുള്ള ലോകവും വിശ്വാസത്താൽ മാത്രം കരസ്ഥമാക്കി," എന്ന തൽമൂഡിൽ വായിക്കുന്നു. "Solafide" വിശ്വാസത്താൽ മാത്രം എന്നതു നവീകരണത്തി

ന്റെ അടർശഗിതമായിരുന്നു. അബ്രഹാമിന്റെ വിശ്വാസം ക്രിസ്തീയവിശ്വാസത്തിൽ മാതൃകയ
ത്രെ. (9—12 വാ) അബ്രഹാമിന്റെ അംഗീകാരം പരിച്ഛേദനയ്ക്കു മുമ്പത്രെ.
ഉല്പ. 17. 10-ൽ അബ്രഹാമിന്റെ പരിച്ഛേദനയെപ്പറ്റി വായിക്കുന്നു. അതിനുമുമ്പുതന്നെ അ
ബ്രഹാം ദൈവത്താൽ അംഗീകരിക്കപ്പെട്ട കഴിഞ്ഞിരുന്നു. മാവീടു വിവരിക്കുന്ന ഭാഗ്യവർണ്ണന
(7 വാ) സങ്കീ. 32. 1 അഗ്രചർമ്മികൾക്കും പരിച്ഛേദനക്കാർക്കും അവകാശമാകുവുന്നതത്രെ.

12നു. (ബൃ.) റോമ. 4. 13—25. 13—17 വാ. ന്യായപ്രമാണത്താലല്ല വി
ശ്വാസത്താലുള്ള അംഗീകാരം. ന്യായപ്രമാണത്തിന്റെ വ്യവസ്ഥകൾ പാലിച്ചതിനാൽ
അബ്രഹാം നീതീകരിക്കപ്പെട്ടുവെന്നു അപ്പൊസ്തലന്റെ കാലത്തെ ഓർത്തഡക്സ് യഹൂദന്മാർ വിശ്വ
സിച്ചുപോന്നു. 18—25 വാ അബ്രഹാമിന്റെ വിശ്വാസം വിശ്വാസത്തിന്റെ
മാതൃക (19 വാ) മനുഷ്യന്റെ അസാദ്ധ്യതയുടെ പരമകാഷ്ഠയിങ്കൽ ദൈവത്തിന്റെ സാദ്ധ്യത
ആരംഭിക്കുന്നു. (21 വാ) ദൈവം തന്റെ വാഗ്ദത്തം നിവർത്തിക്കുമെന്നു അബ്രഹാം വിശ്വസിച്ചു.
അതു അവനു നീതിയായി കണക്കിട്ടു. വിശ്വാസത്താലുള്ള ഈ നീതി എല്ലാ കാലത്തുമുള്ള അബ്രഹാ
മിന്റെ ആത്മികമക്കളുടെ നിത്യാവകാശവുമത്രെ.

13നു. (ശ.) റോമ. 5. 1—11. നീതിയുടെ അനുഗ്രഹിതഫലങ്ങൾ (1—4 വാ)
നീതിയുടെ ഫലങ്ങൾ. (a) ദൈവത്തോടു സമാധാനം. 11-ാം വാക്യത്തിലെ നിരപ്പു എന്ന അ
ർത്ഥം തന്നെയാണു ഇവിടെ സമാധാനം എന്നു പരത്തിനു (1 വാ). (b) കൃപയിലേക്കു പ്രവേശ
നം (2 വാ). (c) കഷ്ടത, സഹിഷ്ണത, സിദ്ധത. 5—11 വാ: അനുഗ്രഹീതഫലങ്ങളുടെ വി
ശദീകരണം. ദൈവസ്നേഹമാണു ഏറ്റവും ശ്രേഷ്ഠമായ ഫലം. (a) പരിശുദ്ധാത്മാവു ഈ
സ്നേഹത്തെ മനുഷ്യഹൃദയത്തിൽ പകരുന്നു. (b) ക്രിസ്തുവിന്റെ മരണം ഈ സ്നേഹത്തിന്റെ പ്രക
ടനമാണു. (c) കോപത്തിൽനിന്നുള്ള വിടുതൽ (9 വാ). (d) ദൈവത്തോടു നിരന്തരതിനാലുള്ള
രക്ഷ (10 വാ). (e) യേശുക്രിസ്തുവിലുള്ള ദൈവപ്രശംസ (11 വാ).

14നു. (ഞാ.) റോമ. 5. 12—21. (12—14 വാ) ആദാമും ക്രിസ്തുവും തമ്മിലുള്ള സാമ്യ
ങ്ങൾ. (15—21 വാ) ആദാമും ക്രിസ്തുവും തമ്മിലുള്ള വ്യത്യാസങ്ങൾ. (a) ആദാമിന്റെ ലംഘന
ത്താൽ പാപം മനുഷ്യവർഗ്ഗത്തിൽ പരന്നു. (b) അതിന്റെ ശിക്ഷയായി മനുഷ്യർ മരണത്തിനു
വിധേയരായി (14 വാ). (c) ആദാമിന്റെ അനുസരണക്കേടു ക്രിസ്തുവിന്റെ അനുസരണം.

15നു. (രി.) റോമ. 6. 1—11. ആറാം അദ്ധ്യായം മുതൽ 8-ാം അദ്ധ്യായം വരെയുള്ള
പ്രതിപാദ്യവിഷയം ശുദ്ധീകരണം (Sanctification) എന്നുള്ളതത്രെ. വിശ്വാസം എന്ന
തു ക്രിസ്തുവിനോടുള്ള ഐക്യമാണു. ഈ ബന്ധം ചില അടയാളങ്ങളാൽ പ്രദർശിപ്പിക്ക
പ്പെടുന്നു, (a) Immersion = Death = വെള്ളത്തിൽ മുങ്ങുക. (b) Submersion = Burrial = വെ
ള്ളത്തിനടിയിൽ ഇരിക്കുന്ന അവസ്ഥ. (c) Emergence = Resurruction = വെള്ളത്തിൽനിന്നു
പൊങ്ങുക. സ്നാനം എന്ന സക്രമെന്തിന്റെ ബാഹ്യമായ മൂന്നവസ്ഥാന്തരങ്ങളുടെ ആത്മികയ
ർത്ഥം ഏതെന്നു ഇവിടെ അപ്പൊസ്തലൻ വിശദീകരിക്കുന്നു. സ്നാനാനന്തരജീവിതം (Christian
Life) പാപത്തോടു നിത്യമായി വേർപെട്ട ഒരു ജീവിതമത്രെ.

16നു. (ചൊ.) റോമ. 6. 12—23. ന്യായപ്രമാണത്തിന്റെ അടിമത്വത്തിൽനിന്നു കൃപ
യുടെ അനുഭവത്തിലേക്കുള്ള പ്രയാണം, പുരാണിക റോമലോകത്തിലെ ജനസംഖ്യയിൽ ½ ഭാഗം
അടിമകളായിരുന്നു. അടിമത്വം കൂടാതെ അശേഷംപോലും മുമ്പോട്ടുപോകുവാൻ നിവൃത്തിയി
ല്ലാത്ത ഒരു സാമൂഹ്യഘടന നിലവിലിരുന്നു. സാധാരണജീവിതത്തിൽ നിന്നുമുള്ള ഈ ഉദാഹര
ണത്താൽ ന്യായപ്രമാണത്തിന്റെ കീഴിലുള്ള അടിമത്വത്തെ വിശദീകരിച്ചിരിക്കുന്നു. ക്രിസ്ത്യാനി
പാപത്തിന്റെ അടിമയായിരുന്നു. അതിന്റെ ഫലം മരണമായിരുന്നു. ഈ അടിമത്വത്തിൽ
നിന്നു ക്രിസ്ത്യാനി വിടുവിക്കപ്പെട്ടതു കൂടെക്കൂടി ശ്രേഷ്ഠമായ ഒരു അടിമത്വത്തിലേക്കു പ്രവേശിക്ക
വാൻ വേണ്ടിയാണു. നീതിയുടെ ദാസന്മാരായി അവർ തീർന്നിരിക്കുന്നു. നീതിക്കുള്ള അടിമത്വ
മാണു ക്രിസ്തീയ സ്വാതന്ത്ര്യം. "Make me a captive Lord, Then I shall be free."

17നു. (ബൃ.) റോമ. 7. 1—12. ന്യായപ്രമാണത്തിൽനിന്നു കൃപയുടെ
അനുഭവത്തിലേക്കുള്ള പ്രയാണം. വിവാഹജീവിതത്തിന്റെ ദൃഷ്ടാന്തം. വിവാഹനി
യമങ്ങൾ ഭർത്താവു ജീവിച്ചിരിക്കുന്നേടത്തോളം കാലമേ സ്ത്രീയെ ഭർത്താവിനോടു ബന്ധിക്കുന്നുള്ളു.
ക്രിസ്ത്യാനി തന്റെ പഴയജീവിതത്തോടെ വേണ്ടുവോളമനുഭവിച്ചിരുന്നു. ക്രിസ്തുവിന്റെ മരണത്തോടു
ള്ള ഏകീഭാവം മൂലം തന്റെ പഴയ ജീവിതം കൊല്ലപ്പെട്ടുപോയി. ആദ്യഭർത്താവു മരിച്ച സ്ത്രീ
പുനർവിവാഹത്തിൽ ഏർപ്പെടുന്നതുപോലെ ക്രിസ്ത്യാനി തന്റെ പഴയജീവിതത്തിന്റെ മരണത്തി

നുശക്തം ക്രിസ്തുവുമായുള്ള വേഴ്ചയിൽ പ്രവേശിച്ചിരിക്കുന്നു. ഈ ഉദാഹരണത്തിന്റെ സ്ഥായിയായ അംശങ്ങൾ താഴെ ചേർക്കുന്നു. 1. ഭാഗ്യം. The true Self=(Ego). 2. ആദ്യത്തേതും. മനുഷ്യനുള്ള ജീവിതം. 3. The law of husband. പഴയജീവിതത്തെ ന്യായം വിധിച്ചുകൊണ്ടിരുന്ന ന്യായപ്രമാണം. 4. പുതിയ വിവാഹം. ക്രിസ്തുവുമായുള്ള ചേർച്ച. 4—6 വരെയുള്ള വാക്യങ്ങൾ വേറൊരു ആശയം ഉൾക്കൊള്ളുന്നു. വിവാഹജീവിതത്തിന്റെ പരിണിതഫലമാണു സന്താനലാഭം. ഈ പുതിയ ക്രൈസ്തവവേഴ്ചയുടെ ഫലം വിശുദ്ധ ജീവിതമത്രെ.

18നു. (വ്യ.) റോമ. 7. 13—25. നന്മയുടെയും തിന്മയുടെയും പ്രമാണങ്ങൾ തമ്മിലുള്ള സംഘട്ടനം. ഈ വേദഭാഗത്തെപ്പറ്റി സ്വാഭാവികമായ രണ്ടു ചോദ്യങ്ങൾ ആവിർഭവിക്കുന്നു. (a) ഇവിടെ വിവരിക്കപ്പെട്ടിരിക്കുന്നതു വീണ്ടും ജനിച്ചവന്റെ അനുഭവമാണോ വീണ്ടും ജനിക്കാത്തവന്റെ അനുഭവമാണോ? (b) ഇതു പൌലൊസിന്റെ സ്വന്ത അനുഭവമാണൊ? വീണ്ടും ജനിക്കാത്തവരുടെ അനുഭവമാണു ഇവിടെ വിവരിക്കപ്പെട്ടുന്നതെന്നും ഓറിഗൻ ഇതര ഗ്രീക്കു സഭോപിതാക്കന്മാരും വിശ്വസിച്ചുപോന്നു. വി. അഗസ്തിനോസും ലൂഥറിൽ സഭോപിതാക്കന്മാരും നവീകരണകർത്താക്കളും ഇതു വീണ്ടും ജനിക്കാത്തവരുടെ അനുഭവമാണെന്നു വിശ്വസിച്ചുപോന്നു. ഇവിടെ വിവരിക്കപ്പെടുന്ന ആത്മികസംഘട്ടനം വീണ്ടും ജനിച്ചവർക്കും വീണ്ടും ജനിക്കാത്തവർക്കും ഒരുപോലെ ഉണ്ടാകാവുന്ന അനുഭവമത്രെ.

19നു. (വെ) റോമ. 8. 1—13. ന്യായപ്രമാണം പരാജയപ്പെട്ട ഇടത്തു ക്രിസ്തു വിജയിച്ചു. 1—11 വരെയുള്ള ഭാഗം വലിയ ഭേദഗതി കൂടാതെ മാർക്ക്യൂൽ തന്റെ പുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിരുന്നു. ജഡം ആത്മാവു ഇവ പരസ്പരവൈപരീത്യമുള്ള രണ്ടു ശക്തികളാണു. 1—4 വാ. ക്രിസ്തു മനുഷ്യഹൃദയത്തിൽ സിംഹാസനാരൂഢനായിരുന്നു പാപത്തെ ബഹിഷ്കരിക്കയും തൽസ്ഥാനത്തു പരിശുദ്ധാത്മാവിനെ ആവസിപ്പിക്കുകയും ചെയ്യുന്നു. 5—11 വാ. ആത്മാവിന്റെ നിയന്ത്രണത്തിലുള്ള ജീവിതവും ജഡത്തിന്റെ നിയന്ത്രണത്തിലുള്ള ജീവിതവും തമ്മിലുള്ള താരതമ്യം. ജഡസ്വഭാവം. 1. ജഡത്തിനുള്ളതു ചിന്തിക്കുന്നു (5 വാ.) 2. മരണം (6 വാ.) 3. ദൈവത്തോടു ശത്രുത്വം. 4. ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴികയില്ല (8 വാ). ആത്മസ്വഭാവം. ആത്മാവിനുള്ളതു ചിന്തിക്കുന്നു (5 വാ). ജീവനും സമാധാനവും (6 വാ).

20നു. (ശ.) റോമ. 8. 14—27. ജഡം. 5. ജഡത്തെ അനുസരിച്ചു ജീവിക്കുന്നതിന്റെ ഫലം മരണം (13 വാ). 6. ഭയത്തിന്റെ ജീവിതം (15 വാ). ആത്മാവും. ആത്മാവിനെ അനുസരിച്ചു ജീവിക്കുന്നതിന്റെ ഫലം ജീവൻ (13 വാ). പുത്രത്വത്തിന്റെ ജീവിതം (15 വാ). 18—27 വാ. മനുഷ്യന്റെ പ്രത്യാശയിൽ പ്രകൃതിയുടെ ഭാഗഭാഗിത്വം, മനുഷ്യന്റെ ഗൗരവതരമായ അപകടസന്ധിയിലും, അവന്റെ ശ്രേഷ്ഠകരമായ മഹത്വത്തിലും പ്രകൃതി പങ്കാളിയാണു. നൂറാണ്ടുകളിലൂടെയുള്ള പ്രകൃതിയുടെ (പ്രപഞ്ചം) ഗതിയും മനുഷ്യന്റെ പുരോഗതിയും തമ്മിൽ അടുത്ത ബന്ധമുള്ളതാണ്.

21നു. (ഞാ) റോമ. 8. 28—39. ഈ വാക്യങ്ങളിൽ വിശ്വാസിയുടെ ഉറപ്പിനെക്കുറിച്ചാണു പറഞ്ഞിരിക്കുന്നതു. 28-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്ന അറിവാണു ഈ കുറിപ്പിനു അടിസ്ഥാനം. ദൈവത്തിന്റെ അനാദിനിശ്ചയപ്രകാരം യേശുക്രിസ്തുവിൽ പ്രദർശിപ്പിക്കപ്പെട്ട സ്നേഹത്താൽ വിളിക്കപ്പെട്ടവർ അനുകൂലവും പ്രതികൂലവുമായ സകല അനുഭവങ്ങളും ആ ദിവ്യസ്നേഹത്തിന്റെ ഭരണത്തിൽ തങ്ങളുടെ നന്മയ്ക്കായി കൂടി വ്യാപരിക്കുമെന്നു അറിയുന്നു (32 വാ). 35—39 വരെയുള്ള വാക്യങ്ങൾ, "ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ടു എങ്കിലും ധൈര്യപ്പെട്വിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" എന്ന കർത്താവു പറഞ്ഞ മൊഴികളെ അനുസ്മരിപ്പിക്കുന്നു. യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിന്റെ സജീവമായ ബന്ധത്തെ വേർപിരിപ്പാൻ യാതൊരു പ്രതികൂലത്തിനും ശക്തിയില്ല സങ്കീ. 23. 4.

22നു. (തി.) റോമ. 9. 1—18. ഒമ്പതു വരെയുള്ള അദ്ധ്യായങ്ങളിൽ സുവിശേഷം എന്നാലെന്തു? എന്ന അപ്പൊസ്തലൻ വ്യക്തമാക്കിക്കഴിഞ്ഞു. നീതിയും രക്ഷയും സംബന്ധിച്ചു പ്രത്യേക പദവിയുള്ള യഹൂദജനത്തിലെ നിലയെന്തു? എന്നു വ്യക്തമാക്കേണ്ടിയിരിക്കുന്നു. (The doctrine of election). 11 വരെയുള്ള അദ്ധ്യായങ്ങൾ ഈ സാദ്ധ്യതയ്ക്കുവേണ്ടി ഉപയോഗിച്ചിരിക്കുന്നു. 1—5 വാ. യഹൂദന്മാരുടെ അവിശ്വാസം നിമിത്തം അപ്പൊസ്തലന്റെ ഖേദം. 6—13 വാ. യിസ്രായേലിന്റെ തിരസ്കരണം ദൈവവാഗ്ദത്തങ്ങളെ ഒന്നുമല്ലാതെയാക്കുന്നില്ല. ദൈവത്തിന്റെ തിരഞ്ഞെടുപ്പു വ്യവസ്ഥാപിതമായിട്ടുള്ളതത്രെ. (New conditional election). 13—19 വാ. ഈ ജാതികളുടെ തിരഞ്ഞെടുപ്പും യിസ്രായേലിന്റെ തിരസ്കരണവും ദൈവഭാഗത്തു അനീതി ആരോപിക്കത്തക്കതല്ല.

23നു. (ചൊ.) റോമ. 9. 19—33. 19—29 വാ. സൃഷ്ടിക്കു സൃഷ്ടികർത്താവിനെ ചോദ്യം ചെയ്യുന്നതിനുള്ള അവകാശമില്ലായ്മ. യിസ്രായേലിനുള്ളിലുള്ള യിസ്രായേൽ (Israel within Israel) അബ്രാഹാമിന്റെ സന്തതി ഇസ്സാക്കിന്റെ മക്കൾ ആണ്. സഭയാണ് ആത്മിക യിസ്രായേൽ. "There are many wolves within and many lambs without" എന്നു വി. ആഗസ്തീനോസു സഭയെക്കുറിച്ചു പറഞ്ഞിരിക്കുന്നു (വാ. 21). ശേഷിപ്പ്. യെശയ്യാപ്രവാചകന്റെ അതി ശ്രേഷ്ഠമായ ഒരു ഉപദേശമാണ് ശേഷിപ്പ് (Remnant). (a) യിസ്രായേലിന്റെ പദവികൾ (1—5 വാ). (b) ദൈവം തന്റെ തിരഞ്ഞെടുപ്പിൽ സ്വതന്ത്രനാണ് (6—13 വാ). (c) തന്റെ ഈ അധികാരം ദൈവം ജാതികളുടെ തിരഞ്ഞെടുപ്പിൽ ഉപയോഗിച്ചു. (14—18 വാ). (d) അതിൽ മനുഷ്യനു ദൈവത്തെ വിമർശിപ്പാൻ അവകാശമില്ല. (19—21 വാ). ദൈവം കോപപാത്രങ്ങളോടു ക്ഷമയും, കരുണയും കാണിച്ചു (22—24 വാ). (e) യിസ്രായേലിന്റെ തിരസ്കരണവും ജാതികളുടെ തിരഞ്ഞെടുപ്പും പ്രവാചകന്മാർ പ്രസ്താവിച്ചിട്ടുള്ളതാണ് (25—29 വാ). (f) അവിശ്വാസം നിമിത്തം യിസ്രായേലിന്റെ തിരസ്കരണം (30—33 വാ).

24നു. (ബു.) റോമ. 10. 1—11. യിസ്രായേലിന്റെ തോൽവിയുടെ കാരണങ്ങൾ. ഒമ്പതാം അദ്ധ്യായത്തിലെ വാദഗതി തുടരുകയാണ് ചെയ്യുന്നത്. യഹൂദന്മാർ ഉന്നതനായ ദൈവത്തെപ്പറ്റി (higher God) പരിജ്ഞാനമുള്ളവരായിരുന്നില്ല എന്ന മാർക്ഷ്യൽ തന്റെ ഉപദേശം സ്ഥാപിക്കുന്നതിനു 10. 2—4 വരെയുള്ള വാക്യങ്ങൾ യാതൊരു ഭേദഗതിയും കൂടാതെ തന്റെ പുസ്തകത്തിൽ ചേർത്തിരുന്നു. 10. 5—11. 32 വരെയുള്ള ഭാഗം സംപൂർണ്ണമായി വിട്ടുകളകയും ചെയ്തു. 1—6 വാ. ക്രിസ്തു ന്യായപ്രമാണത്തിന്റെ പൂർത്തീകരണമാണ്. ഇതു യഹൂദന്മാർ ഗ്രഹിക്കാഞ്ഞതിനാൽ അവർ തിരസ്കരിക്കപ്പെട്ടു. 7—11 വാ. രക്ഷയുടെ വഴി വളരെ ലളിതമാണ്. യഹൂദനും, യവനനും അതിനു ഒരുപോലെ അവകാശികളത്രെ.

25നു. (വ്യാ.) റോമ. 10. 12—21. യിസ്രായേലിന്റെ അവിശ്വാസം, കേൾക്കുന്നതിനുള്ള അവസരക്കുറവിനാൽ സംഭവിച്ചുപോയി എന്ന സമാധാനം പറയാവുന്നതല്ല. (1) സുവിശേഷം പ്രസംഗിക്കപ്പെടുന്നില്ലയെങ്കിൽ എങ്ങനെ വിശ്വസിക്കും. (14 വാ). ഉത്തരം. യെശയ്യാപ്രവചനത്തുപോലെ സുവിശേഷം പ്രസംഗിക്കപ്പെട്ടു. (2) എന്നാൽ എല്ലാവരും അതു അംഗീകരിച്ചില്ല (16 വാ). ഉത്തരം. എല്ലാവരും അംഗീകരിക്കാത്തതുമൂലം സുവിശേഷം പ്രസംഗിക്കപ്പെടാതിരുന്നില്ല എന്നു അതിനർത്ഥമില്ല. (3) എന്നാൽ യഹൂദന്മാർ അതു കേട്ടില്ല (18 വാ.) ഉത്തരം. അതേ അവർ കേട്ടു. എല്ലാ വിധമായ ന്യായങ്ങളെയും ഉർവ്വലപ്പെടുത്തിക്കൊണ്ടു, സുവിശേഷം അംഗീകരിക്കുന്നതിനുള്ള ഉത്തരവാദിത്വം യഹൂദജനത്തിന്മേൽ തന്നെ അപ്പൊസ്തലൻ സ്ഥാപിക്കുന്നു.

26നു. (വെ.) റോമ. 11. 1—12. വാ. 1, 2. യിസ്രായേൽ ജാതി മുഴുവനും തിരസ്കരിക്കപ്പെട്ടുകയില്ല. ഒരു ശേഷിപ്പു സുവിശേഷത്തിൽ വിശ്വസിച്ചു രക്ഷ പ്രാപിക്കും. 3—5 വാ. ഏലിയാവിന്റെ കാലത്തെപ്പോലെ ഒരു "ശേഷിപ്പ്" അവശേഷിക്കും. 6 വാ. ഈ ശേഷിപ്പു അവരുടെ സ്വന്തഗുണങ്ങളാലല്ല ദൈവത്തിന്റെ കൃപയാൽ തിരഞ്ഞുകൊള്ളപ്പെടുന്നവരാണ്. 7—10 വാ. ബാക്കിയുള്ളവർ പ്രവചനനിവൃത്തിപ്രകാരം ആത്മികബോധമില്ലായ്മയാൽ ശിക്ഷാവിധിയിൽ അകപ്പെട്ടുന്നു.

27നു. (ശ.) റോമ. 11. 13—24. യിസ്രായേലിന്റെ തിരസ്കരണം സംപൂർണ്ണമല്ല (complete) അതു അന്ത്യവുമല്ല (Final). യിസ്രായേലിന്റെ തിരസ്കരണം ജാതികളുടെ തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനമത്രെ. വാ. 17—19. ഒലിവു വൃക്ഷത്തിന്റെ ദൃഷ്ടാന്തം (യിരെ. 11. 16; ഹോശെ. 14. 6). ഒലിവുമരം ദൈവത്തിന്റെ സഭയത്രെ. യഹൂദന്മാർ സുവിശേഷം അംഗീകരിക്കാഞ്ഞതുമൂലം പുതിയ ചില അനുഭവങ്ങൾ അവർക്കു ലഭിച്ചില്ല എന്നുമാത്രമല്ല പഴയ ചില അനുഭവങ്ങൾ നഷ്ടപ്പെടുകയും ചെയ്തു. ഈ ഒലിവുമരത്തിന്റെ വേരു പാത്രിയർക്കീസന്മാർ (Patriarchs) അത്രെ. ശിഖരങ്ങൾ ഓരോ വിശ്വാസിയുമത്രെ. സ്വാഭാവിക ശിഖരങ്ങളും (യഹൂദക്രിസ്ത്യാനികൾ) മുറിച്ചേർക്കപ്പെട്ട ശിഖരങ്ങളും (പുറജാതികളിൽ നിന്നുള്ള ക്രിസ്ത്യാനികൾ) ഇതിനുണ്ട്. ഈ ഉപമയിൽ രണ്ടു പാഠങ്ങൾ ഉണ്ട്. (1) ജാതികളായ ക്രിസ്ത്യാനികൾ അഹങ്കരിക്കാതിരിക്കുക. (2) സ്വാഭാവിക കൊമ്പുകൾ വളരെ വേഗത്തിൽ പുനഃസ്ഥാപിക്കപ്പെടുന്നതിനുള്ള സാദ്ധ്യതകളുണ്ട്. ഈ ദൃഷ്ടാന്തത്തിന്റെ വിശദാംശങ്ങൾ സസ്യശാസ്ത്രവിധിയനുസരിച്ചു സംപൂർണ്ണമായി ശരിയല്ല. ചെടിയെട്ടിക്കുന്ന വിധി മറിച്ചാണ് (Reverse) അപ്പൊസ്തലൻ ഉപയോഗിക്കുന്നതു. നല്ല ഒലിവുമരത്തിൽ കാട്ടൊലിവു കമ്പുകൾ ഒട്ടിക്കുക സാധാരണമല്ല. കാട്ടൊലിവിന്മേൽ നല്ല ഒലിവുമരത്തിന്റെ കമ്പുകൾ ഒട്ടിക്കുകയാണ് സാധാരണ തോട്ടക്കാർ ചെയ്യുന്നതു.

28നു. (ഞാ.) റോമ. 11. 25—36. വാ. 25—32. തന്റെ സ്വജനത്തെക്കുറിച്ചു അപ്പൊ

സ്വലന്റെ ആശ. 25—27 വാ. ജാതികളുടെ സംഖ്യ തികയ്ക്കുന്നതിനുവേണ്ടി യിസ്രായേൽ കഠിന പ്പെട്ടുകൊണ്ടിരിക്കുന്നു. തൽക്കാലത്തേക്കുള്ള ഈ തിരസ്കരണം ദൈവികോദ്ദേശത്തോടുകൂടിയതാണ്. 28—32 വാ. ദൈവം എല്ലാവരോടും കരുണ ചെയ്യുന്നവനാകുകൊണ്ടു യിസ്രായേലിനോടും കരുണ ചെയ്യും. 33—36 വാ. ദൈവത്തിന്റെ അത്യഗാധമായ ജ്ഞാനമോർത്തു ദൈവത്തെ സ്തുതിക്കുന്നു.

29ന. (തി.) റോമ. 12. 1—9. 12-ാം അദ്ധ്യായം മുതൽ ഈ ലേഖനത്തിന്റെ രണ്ടാം ഭാഗം ആരംഭിക്കുന്നു. 12. 1—15. 12 വരെ പ്രായോഗിക നിർദ്ദേശങ്ങൾ അടങ്ങിയിരിക്കുന്നു. 1—2 വാ. ക്രിസ്തീയ ജീവിതം ഒരു യാഗമത്രെ. ക്രിസ്തീയമാർഗ്ഗം ശരീരത്തിന്റെ ശുദ്ധീകരണവും വിശുദ്ധിയും ആവശ്യപ്പെടുന്നു. പൗരാണിക ലോകത്തിലെ അസന്മാർഗ്ഗിക ജീവിതം മൂലവും, ശരീരം വസ്തുമയമായതുകൊണ്ടു (Matter) അതു തിന്മയാണെന്നുള്ള ആശയം വ്യാപിച്ചുകൊണ്ടിരുന്നതിനാലും ഈ ആശയം അപ്പൊസ്തലൻ ശക്തിപ്പെടുത്തി പറഞ്ഞിരിക്കുന്നു. 7—9 വാ. ആത്മിക വരങ്ങൾ.

30ന. (ചൊ.) റോമ. 12. 10—21. സ്നേഹത്തിന്റെ വിവിധ വശങ്ങൾ. (1) സ്നേഹത്തിന്റെ ധാർമ്മിക ലക്ഷണം തിന്മയോടുള്ള വിദ്വേഷവും നന്മയോടുള്ള സ്നേഹവും. (9 വാ). (2) ക്രിസ്തീയ സാഹോദര്യമാണ് സ്നേഹത്തിന്റെ ഒന്നാമത്തെ പ്രകാശനരംഗം, (3) സഭയുടെ ശുശ്രൂഷ സ്നേഹത്തിന്റെ ശുശ്രൂഷയായിരിക്കണം. (4) പരസ്പരം സഹിയിക്കുന്നതിൽ സ്നേഹം പ്രകടമാകണം. (13 വാ). (5) സ്നേഹം തിന്മയല്ല നന്മയന്വേഷിക്കുന്നു. (6) വിദ്വേഷത്തെ സ്നേഹം മൂലം അഭിമുഖീകരിക്കണം. 17—20 വാ.

31ന. (ബു.) റോമ. 13. 1—14. 1—7 വാ. രാഷ്ട്രീയഭരണാധികാരികളോടുള്ള ബന്ധം. (a) യഹൂദന്മാർ ഏപ്പോഴും റോമാഗവൺമെന്റിനെ ശത്രുവായി കരുതിവന്നിരുന്നതിനാൽ ഈ ഭാഗം യഹൂദക്രിസ്ത്യാനികളെ ഉദ്ദേശിച്ചുള്ളതത്രെ. (b) വി. പൌലൊസിന്റെ കാലത്തു റോമാഗവൺമെന്റു സഭയ്ക്കെതിരായ നടപടികൾ സ്വീകരിച്ചിരുന്നില്ല. 2 തെസ്സലോനിക്യലേഖനത്തിലെ അധർമ്മിയ്ക്കു അവിശ്വാസികളായ യഹൂദന്മാരും 2 തെസ്സ. 2. 3. തടുക്കുന്നവൻ (He that restranieth) റോമാഗവൺമെന്റാണ്. 2 തെസ്സ. 2. 7. റോമാ പൗരത്വത്തിൽ പൌലൊസു അഭിമാനം കൊണ്ടു. പല പ്രതിസന്ധിഘട്ടങ്ങളിലും ഈ പൌരത്വം തനിക്കു സംരക്ഷണം നല്കി. രാഷ്ട്രത്തോടു വി. പൌലൊസിനുള്ള മനോഭാവമാണ് ഈ പ്രതികരിച്ചിട്ടുള്ളതു. (3) പൌലൊസിന്റെ ഈ ഉപദേശത്തിനു യേശുക്രിസ്തുവിന്റെ അംഗീകാരം ഉണ്ട്, ലൂക്കൊ. 12. 14 ; മത്താ. 17. 26, 27 നോക്കുക. വാ. 8—10. സ്നേഹം ന്യായപ്രമാണത്തിന്റെ പൂർത്തീകരണമത്രെ. 11—14 വാ. കർത്താവിന്റെ രണ്ടാമത്തെ വരവിന്റെ സാമീപ്യം.

നവംബർ 1ന. (വ്യാ.) റോമ. 14. 1—12. റോമയിലെ സഭയ്ക്കുള്ള പ്രായോഗിക നിർദ്ദേശങ്ങൾ 14. 1—15. 13 വരെ കാണുന്നു. 14. 1—12. ധാർമ്മികമായി വ്യക്തികൾക്കുള്ള ഉത്തരവാദിത്വം. വാ. 1. വിശ്വാസത്തിൽ ബലഹീനരോടുള്ള വർത്തനരീതി ക്ഷമയായിരിക്കണം. വാ. 2—6. മാംസഭക്ഷണം, സസ്യഭക്ഷണം, വിവിധ ദിവസങ്ങളുടെ പ്രാധാന്യം എന്നിവ സംബന്ധിച്ചു പരസ്പരവിമർശനങ്ങൾ അക്രൈസ്തവമത്രെ. 7—12 വാ. ഓരോരുത്തരും ക്രിസ്തുവിനോടു തനിക്കുള്ള ബന്ധത്തെപ്പറ്റി കരുതലോടെ പെരുമാറണം.

2ന. (വെ.) റോമ. 14. 13—23. പരസ്പരം പ്രോത്സാഹനവും പിന്തുണയും നല്കുക. വ്യക്തികൾക്കു ധാർമ്മികമായി ദൈവത്തോടുള്ള ഉത്തരവാദിത്വത്തെപ്പറ്റി പ്രതിപാദിച്ചതിനുശേഷം അപ്പൊസ്തലൻ മനുഷ്യനു മനുഷ്യനോടുള്ള ഉത്തരവാദിത്വത്തെപ്പറ്റി പ്രതിപാദിക്കുന്നു. (14—15 വാ). യാതൊന്നും അതിൽതന്നെ നിഷേദ്ധ്യമല്ല. മനസ്സാക്ഷിയാണു മാനദണ്ഡം. (18—19 വാ). യാതൊന്നും സഹോദരവിശ്വാസത്തെ ഭിന്നിപ്പിക്കരുതു (20—23 വാ) ഭക്ഷണം നിമിത്തം ദൈവപ്രമാണം അഴിക്കരുതു. വിശ്വാസത്തിൽ നിന്നു ഉത്ഭവിക്കാത്തതൊക്കെയും പാപമത്രെ.

3ന. (ശ.) റോമ. 16. 1—15. (1—13 വാ). സഭയുടെ ഐക്യത. ക്രിസ്തുവിന്റെ ദൃഷ്ടാന്തവും ദൈവത്തിന്റെ ഉദ്ദേശവും. ഈ ഭാഗത്തു പ്രതിപാദിക്കപ്പെട്ടിരിക്കുന്ന ശത്രുക്കളും അശക്തരും ആരാണ്. അതു ആരായിരുന്നാലും സഭയുടെ ഐക്യതയെ (unity) തകിടംമറിപ്പാൻ ഇടവരരുതു. അശക്തർ Pythagorian ആയിരിക്കാം. അഥവാ അതുപോലെയുള്ള പുറജാതിക്കാർ ആയിരിക്കാം. അവർ മാംസം ഉപേക്ഷിച്ചു. ശരിയായി പുരോഗമിച്ചിട്ടില്ലാത്ത യഹൂദവിഭാഗം ഈ അശക്തർ ആയിരിക്കാം. (ഫ്ലസ്നീസ്) മേൽവിവരിച്ച യാതൊരു വിഭാഗത്തിനും പരിപൂർണ്ണമായി ഈ വിവരണം യോജിക്കുന്നില്ല. ക്രിസ്തു ദൈവത്തിന്റെ മഹത്വത്തിനായി റോമൻ ക്രിസ്ത്യാനികളെ കൈക്കൊണ്ടതുപോലെ അവരും പരസ്പരം കൈക്കൊള്ളണം.

പരിഛേദന അഗ്രചർമ്മം ഈ രണ്ടു വ്യത്യാസങ്ങളും സഭയുടെ യോജിപ്പിനെ ഞെരിക്കുവാൻ അനുവദിച്ചുകൂടാ.

4നു. (ഞാ.) റോമ. 15. 17—33. ഉപസംഹാരം. (14—21 വാ). ലേഖനത്തിന്റെ ഉദ്ദേശം. (22—30 വാ). ഭാവി യാത്രാപരിപാടി. ഈ യാത്രയുടെ ഉദ്ദേശം മിക്ക സ്ഥലത്തും സുവിശേഷം ചെന്നു കഴിഞ്ഞു, (2) യാത്രാമദ്ധ്യേ റോം നഗരവും സന്ദർശിക്കാം. 30—33 വാ). യഹൂദ്യയിലെ ക്രിസ്ത്യാനികൾക്കായുള്ള സഹായം. റോമിലെ സഭയുടെ പ്രാർത്ഥന അപ്പൊസ്തലൻ ആവശ്യപ്പെടുന്നു. (33 വാ). സമാധാനവചനം.

5നു. (തി.) റോമ. 16. 17—27, (17—20 വാ). കള്ള ഉപദേഷ്ടാക്കളെ സൂക്ഷിച്ചു ജീവിക്കുന്നതിനുള്ള ഉപദേശം. (21—23 വാ). പൌലൊസിന്റെ സ്നേഹിതന്മാരുടെ അഭിവാദ്യം. (25—27 വാ). അർത്ഥമായ സ്തുതിവാക്യം (Doxology).

6നു. (ചൊ.) ഇയ്യോ. 1. 1—12. എബ്രായകാനോനിലെ കെത്തുബിം (Writings) എന്ന വിഭാഗത്തിൽ ഈ പുസ്തകം ഉൾപ്പെടുന്നു. സാഹിത്യപരമായി ഇതു യഹൂദന്മാരുടെ ജ്ഞാനസാഹിത്യത്തിൽ (Wisdom literature) ഉൾപ്പെടുന്നു. തിന്മയുടെ പ്രശ്നം. (The Problem of evil) എന്നതാണു പുസ്തകത്തിലെ പ്രതിപാദ്യവിഷയം. പുസ്തകത്തെ പൊതുവേ നാലുഭാഗമായിത്തിരിക്കാം. 1. യോബും സാത്താനും (1—2 വാ). 2. യോബും സ്നേഹിതന്മാരും (3—31 വാ). 3. യോബും എലീഹൂവും (32—37 വാ). 4. യോബും ദൈവവും (38—42 വാ).

7നു. (ബു.) ഇയ്യോ. 1. 13—22. (13—14 വാ). കഴുതകളുടെയും കാളകളുടെയും നഷ്ടം. ശെബായർമൂലം. (15—16 വാ). ആടുകളുടെ നഷ്ടം. ആകാശത്തിലെ തീമൂലം. ഒട്ടകങ്ങളുടെ നഷ്ടം. കൽദയർമൂലം. (17—19 വാ). പുത്രന്മാരുടെയും പുത്രിമാരുടെയും മരണം മരുഭൂമിയിലെ കൊടുങ്കാറ്റുമൂലം. (20—22 വാ). ഇയ്യോബിന്റെ വിശ്വസ്തതയും സ്ഥിരതയും. ഇയ്യോബിന്റെ സഹിഷ്ണുത. ക്രിസ്ത്യാനിക്കു ഒരു മാതൃകയത്രേ. കഷ്ടതകൾക്കും വേദനകൾക്കും സൃഷ്ടിപരമായി ദൈവത്തിന്റെ ഒരു ഉദ്ദേശം നമ്മിൽ നിവർത്തിപ്പാനുണ്ടു.

8നു. (വ്യാ.) ഇയ്യോ. 2. 1—13. (1—5 വാ). യോബിന്റെ ശരീരത്തിന്മേൽ അധികാരം സാത്താനു ലഭിക്കുന്നു. (6—7 വാ). യോബിന്റെ കഠിനമായ കഷ്ടപ്പാടു. (8 വാ). ഭാര്യ യോബിന്റെ വിശ്വാസം തുലിച്ചുകളയുവാൻ നിർബന്ധിക്കുന്നു. (9 വാ). ഇയ്യോബിന്റെ മറുപടി. (10—13 വാ). മൂന്നു സ്നേഹിതന്മാരുടെ സന്ദർശനവും അവരുടെ ഏഴു ദിവസത്തെ ഉപവാസവും.

9നു. (വെ.) ഇയ്യോ. 4. 1—11. ഏലിഫാസ് എന്ന സ്നേഹിതന്റെ ഒന്നാമത്തെ പ്രഭാഷണം. ഈ പ്രഭാഷണം ആത്യവസാനം അനുകമ്പാപൂർണ്ണമാണു. (Keyword Sympathy) ഇയ്യോബു ഒരു നല്ല മനുഷ്യനാണെ. അവൻ പലരെയും ദുഃഖത്തിൽ ആശ്വസിപ്പിച്ചിട്ടുള്ളവനാണു. എന്നാൽ അവനു തന്നെ ദുഃഖം നേരിട്ടപ്പോൾ ആശ്വാസം പ്രാപിപ്പാൻ കഴിവില്ല. (7—11 വാ). നിർമ്മലമായ കേണിയുടെ പ്രതിഫലം കഷ്ടതയല്ല നിർഭ്ഗ്യക്കി നശീകയില്ല. നേരുള്ളവൻ മുടിഞ്ഞുപോകയില്ല. ഭക്തിശ്രദ്ധയും സമ്പത്തും ദൈവഭക്തിയുടെ ഫലവും ശിക്ഷയും വേദനയും ദുഷ്ടതയുടെ ഫലവുമാണു എന്നു യഹൂദവേദശാസ്ത്രത്തിന്റെ അടിസ്ഥാനപ്രമാണമാണു (Orthodox doctrine of retribution) എന്നാൽ നീതിമാന്റെ കഷ്ടത ഉത്തരം കണ്ടെത്തിടിക്കാനാവാത്ത ഒരു ചോദ്യമാണു. ഈ ചോദ്യത്തിനു തൃപ്തികരമായ ഒരു ഉത്തരം കണ്ടെത്തിടിക്കുവാനുള്ള ശ്രമമാണു ഈ പുസ്തകം മുഴുവനും.

10നു. (ശ.) ഇയ്യോ. 4. 12—21. ഏലിഫാസിനു ലഭിച്ച ആശയങ്ങൾ ഒരു ദർശനമദ്ധ്യേ തനിക്കു ലഭിച്ചതാണു. (13—16 വാ). ദർശനത്തിന്റെ വിവരണം. (17—21 വാ). ദർശനത്തിൽ വെളിപ്പെട്ട കിട്ടിയ സത്യം Sinful nature of man ദൈവം നീതിമാനാണു (17 വാ). ദൈവം നിർമ്മലനാണു ദൂതന്മാരുടെ നടപ്പുപോലും ദൈവദൃഷ്ടിയിൽ പവിത്രമല്ല. (18 വാ). അതുകൊണ്ടു മനുഷ്യൻ വിശുദ്ധിയെന്നു അവകാശപ്പെട്ടാലും വാസ്തവത്തിൽ വിശുദ്ധിയല്ല. അതുകൊണ്ടു ഇയ്യോബു തനിക്കുണ്ടെന്നു അവകാശപ്പെട്ടാ വിശുദ്ധി കേവലം മിഥ്യയാണു. എല്ലാമനുഷ്യരെയും പോലെ ഇയ്യോബു പാപിയാണു. അതുകൊണ്ടു ഇയ്യോബു കഷ്ടത അനുഭവിക്കേണ്ടി വന്നു. Doctrine of retribution എന്ന ആശയത്തിന്റെ വെളിച്ചത്തിൽ ഇയ്യോബിന്റെ കഷ്ടത ഏലിഫാസ് വ്യാഖ്യാനിച്ചു ഉത്തരം കണ്ടെത്തിടിക്കുന്നു. പക്ഷേ പുതിയ യാതൊരു സംഭാവനയും ഈ പ്രശ്നത്തിനു ഈ ഒന്നാമത്തെ പ്രഭാഷണം നല്കുന്നില്ല. ദൈവത്തിന്റെ മഹാ വിശുദ്ധിയുടെ മുമ്പാകെ മനുഷ്യനുള്ള എതുമില്ലായ്മ ഏലിഫാസ് ശക്തിപ്പെടുത്തി പറഞ്ഞിരിക്കുന്നു.

M. M. A.

THE FAMILY FRIEND

കുടുംബപ്രിയവാദിനി

പുസ്തകം 48. ലക്കം 10 ഒക്ടോബർ 1956

ആകർഷണീയമായ രണ്ടു കുടുംബങ്ങളുടെ ചിത്രീകരണത്തോടെ സുവിശേഷം എഴുതിയ ആൾ

അവയിൽ ഒന്നിലെ കുടുംബനായകരെയാണു സുവിശേഷത്തിന്റെ ആരംഭത്തിൽതന്നെ കാണിക്കുന്നതു്. അവർ വാർദ്ധക്യദശയിൽ എത്തിയവരെങ്കിലും അവരുടെ കുടുംബജീവിതത്തിന്റെ സന്തോഷവും സമാധാനവും പഴകിപ്പോയില്ല. ആ കായ്ത്തിൽ ഒരു നവചൈതന്യം തന്നെ കാണുന്നു. സമ്പത്തോ, സമൃദ്ധിയോ, സ്ഥാനമാനങ്ങളോ ഒന്നുംതന്നെ ഇതിനു കാരണമല്ല. പിന്നെയോ ''ഇരുവരും ദൈവസന്നിധിയിൽ നീതിയുള്ളവരും കർത്താവിന്റെ സകല കല്പനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരായി നടക്കുന്നവരും ആയിരുന്നു'' എന്നതത്രെ കാരണം എന്നു സുവിശേഷകൻ പറയുന്നു. ഒരാൾ എന്നു മാത്രം ആയിരുന്നെങ്കിൽ ആ കുടുംബത്തിന്റെ മനോഹരതയ്ക്കു ഇത്രയും മാറ്റു കാണുകയില്ലായിരുന്നു.

പുരോഹിതശുശ്രൂഷ ചെയ്യുന്ന സെഖര്യാവു, പുരോഹിതകുടുംബത്തിൽതന്നെയുള്ള ഏലിശബെത്തു് എന്നു രണ്ടുപേരാണു ഇരുവർ എന്നതിൽ അടങ്ങിയിരിക്കുന്ന വ്യക്തികൾ. യഹൂദ്യമലനാട്ടിലെ ഒരു പട്ടണത്തിലത്രേ ഈ സൌഭാഗ്യകുടുംബം ഉൾപ്പെട്ടിരുന്നതു്. ദൈവപ്രസാദം ലഭിച്ച കുടുംബം ആയതിനാൽ ജനത്തിനു വേണ്ടിയുള്ള ദൈവശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുമ്പോൾ തന്നെ ദൈവം അവരുടെ പ്രാർത്ഥനയ്ക്കുത്തരമായി അവരുടെ കുടുംബത്തിലേക്കു ഒരു പുത്രനെ ദാനംചെയ്യുന്നു. അങ്ങനെ ആ വേനത്തിന്റെ സൌഭാഗ്യതയുടെ കുറവിനെ ദൈവം പരിഹരിക്കുന്നു. ആ പുത്രനാകട്ടെ ദിനംതോറും ആത്മാവിൽ ബലപ്പെട്ടുവന്നു. യിസ്രായേലിൽ പലരെയും ദൈവമായ കർത്താവിങ്കലേക്കു തിരിച്ചു. അവൻ ഉജ്ജ്വലിച്ചു പ്രകാശിക്കുന്ന ഒരു വിളക്കായിരുന്നു. ഇരുട്ടറയിൽവെച്ചു താൻ വധിക്കപ്പെട്ടെങ്കിലും ഒരിക്കലും അസ്തമിക്കാത്തവണ്ണം ദൈവതേജസ്സിനാൽ പ്രശോഭിതമായ സാക്ഷീയ കൂടാരത്തിലേക്കു താൻ ചേർക്കപ്പെട്ടു. അങ്ങനെ ആ കുടുംബത്തിനു സംഫല്യം പ്രാപിച്ചു.

അടുത്തതായി സുവിശേഷകൻ ചിത്രീകരിച്ചിരിക്കുന്നതു്. ആദ്യം ബെത്ലഹേം പശ്ചാത്തലത്തിലും പിന്നീടു ഗലീലയിലെ നസറേത്തിലുമായി കാണുന്ന കുടുംബത്തെയാണു്. ഈ കുടുംബത്തിലെയും മനുഷ്യർ ഇരുവരും ദൈവനിയോഗത്താൽ കൂട്ടിച്ചേർക്കപ്പെട്ടവരത്രേ. കുടുംബനായകനായ യോസേഫ് നീതിമാനും തന്നോടുകൂടെ ചേർക്കപ്പെട്ട മറിയ ''ഞാൻ കർത്താവിന്റെ ദാസി'' എന്നുപറഞ്ഞു അവളെത്തന്നെ എന്നേക്കുമായി പ്രതിഷ്ഠിച്ചവളും ആയിരുന്നു. സാധാരണക്കാരായ രണ്ടുപേരെ ഒരു വിശുദ്ധ കുടുംബമായി വേർതിരിച്ചു. അങ്ങനെ അതു ലോകരക്ഷിതാവായ യേശുബാലൻ വളരുവാനുള്ള പദവി ലഭിച്ച കുടുംബമായിത്തീർന്നു. യേശുവിനെ ഗർഭം ധരിപ്പാനുള്ള ഭാഗ്യമുള്ളതെന്നു ഒരു സ്ത്രീ പുകഴ്ത്തുവാനുള്ള യോഗ്യത ആ അമ്മയ്ക്കു ലഭിച്ചു. യേശുബാലൻ സകലത്തിലും അവർക്കു കീഴടങ്ങിയിരുന്നു എന്നു മാത്രമല്ല ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നുവന്നു. അനേകം പുത്രന്മാരെ തേജസ്സിലേക്കു നടത്തുന്നതിനു് താൻ കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനായി! മരണം ആസ്വദിച്ചതുകൊണ്ടു ദൈവം അവനെ ഉയർത്തി മഹത്വവും ബഹുമാനവും തേജസ്സും അണിഞ്ഞവനായി നാം അവനെ കാണുന്നു.

ലോകത്തിനു മാതൃകയായ രണ്ടു കുടുംബങ്ങൾ; സ്നേഹത്തിലും പ്രാർത്ഥനയിലും യോജിച്ചു ഒരേവഴികളിലൂടെ യാത്രചെയ്തു മോക്ഷാവകാശികൾ! കീഴ്വഴക്കത്തിലും അനുസരണത്തിലും വളർന്നവനും മകൾ! സ്വർഗ്ഗത്തിന്റെ ഒരു നിഴൽ തന്നെ.

ഈ രണ്ടു ശ്രേഷ്ഠകുടുംബങ്ങളെ ചിത്രീകരിച്ചുകൊണ്ടു സുവിശേഷം എഴുതാൻ ആരംഭിച്ച വി. ലൂക്കോസിനോടു നാം വളരെ കടപ്പെട്ടവരത്രേ. മറ്റു സുവിശേഷകന്മാർ പറയാത്തതായ പല വിശദീകരണങ്ങൾ ഈ കുടുംബങ്ങളെക്കുറിച്ചു പറയുന്നു എന്നു മാത്രമല്ല കർത്താവിന്റെ ഐഹികജീ

വിതത്തിൽ തന്നോടു സമീപിച്ച രോഗികളും ദുഃഖിതരും പാപികളുമായ പലരെക്കുറിച്ചും പ്രസ്താവിക്കുന്നതിൽ തന്റെ ശ്രദ്ധ പ്രത്യേകം പതിഞ്ഞതായി നാം കാണുന്നു. എണ്പത്തിനാലു വർഷം വിധവയായി ദൈവാലയത്തിൽ തന്നെ ആരാധിച്ചും പ്രാർത്ഥിച്ചും താമസിച്ച ഹന്നാ, നായീനിലെ വിധവ, അനീതിയുള്ള ന്യായാധിപന്റെ ഉപമയിൽ പറയുന്ന വിധവ, പാപിനിയായ സ്ത്രീ, പതിനെട്ടു സംവത്സരം ക്ഷീണിയായിരുന്ന സ്ത്രീ, ഇങ്ങനെ മറ്റു സുവിശേഷങ്ങളിൽ കാണാത്ത പല സ്ത്രീകളെയും ചൂണ്ടിക്കാണിക്കുന്നു.

നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം തന്റെ അമ്മയായ മറിയ യരൂശലേമിലെ മാളികമുറിയിൽ നൂറിരുപതു പേരോടുകൂടി പ്രാർത്ഥിക്കുന്നതായി കാണിച്ചുതരുന്നതും ഈ സുവിശേഷകനത്രേ.

'വി. ലൂക്കോസിന്റെ നാൾ' എന്ന പേരിൽ ഈ സുവിശേഷകനെ അനുസ്മരിക്കുവാൻ സഭ കല്പിച്ചിരിക്കുന്ന ദിവസം ഈ മാസം 18-ാംതീയതിയാണല്ലോ. ലൂക്കോസിന്റെ സുവിശേഷം അപ്പൊസ്തലപ്രവൃത്തികൾ എന്നിങ്ങനെ താൻ എഴുതിയ രണ്ടു പുസ്തകങ്ങൾ ക്രിസ്തീയലോകത്തിനു ഏറ്റവും വലിയ നേട്ടമാണ്. ശരീരത്തിന്റെ വൈദ്യൻ എന്നു മാത്രമല്ല ആത്മവൈദ്യൻകൂടി ആകുവാൻ തന്റെ കഴിവുകൾ താൻ ഉപയോഗിച്ചതു നമുക്കു ഒരു മാതൃകയായിരിക്കട്ടെ.

S. T.

സ്ത്രീജനസഖ്യവാർത്തകൾ

സെപ്റ്റംബർ മാസം സ്ത്രീജന സഖ്യദിനമായി ആചരിക്കണമെന്നു കല്പിച്ചിരുന്നല്ലോ. പല സ്ഥലത്തും അങ്ങനെ അനുഗ്രഹകരമായ ഒരു ദിവസം ആചരിച്ചു കാണുമെന്നു ആശിക്കുന്നു. കൂട്ടായ്മയ്ക്കും പ്രതിക്കുള്ളുമായി ഒന്നിച്ചുകൂടിയ രണ്ടു ഇടവകകളുടെ വിവരം പറയുന്നതു തമ്മിൽ തമ്മിൽ അറിയുന്നതിനും പ്രാർത്ഥനയ്ക്കും സഹായമായിത്തീരുമല്ലൊ.

കോത്തല. പാമ്പാടി ഇടവകയിലെ സ്ത്രീകൾക്കായി നടത്തുവാൻ നിശ്ചയിച്ചിരുന്ന പ്രത്യേക യോഗം സെപ്റ്റംബർ 8നു ശനിയാഴ്ച കോത്തല സഭയിൽ വെച്ചു നടത്തപ്പെട്ടു. മീനടം, പാമ്പാടി, കുരുകൻപാമ്പാടി, കുറോപ്പട ഈ സഭകളിൽ നിന്നെല്ലാമുള്ള സ്ത്രീകൾ ഇതിൽ സംബന്ധിച്ചിരുന്നു. ബഹുമാനപ്പെട്ട വി. ജെ. സ്റ്റീഫൻ അച്ചൻ അവർകൾ വിശുദ്ധ സംസ്സക്ത ശുശ്രൂഷയോടുകൂടെ യോഗം ആരംഭിച്ചു. തുടർന്നു നടന്ന യോഗങ്ങളുടെ അവസാനമായി നടന്ന പ്രതിക്കുശുശ്രൂഷയിൽ 33 പേർ തങ്ങളെത്തന്നെ പുതുതായി പ്രതിക്കുചു കാർഡുവാങ്ങി. സ്ഥലം സഭാപ്രവർത്തകൻ ലൂക്കോസ് ജോൺ ഉപദേശിയുടെ കൃതജ്ഞതാപ്രസ്താവനയോടുകൂടി യോഗം അവസാനിപ്പിക്കയും ചെയ്തു.

ചങ്ങനാശ്ശേരി. കാവാലം, കിടങ്ങറ, കുന്നുകരി, തുരുത്തി, തുകടിത്താനം എന്നിങ്ങനെ ഉപസഭകളിൽ നിന്നുള്ള സ്ത്രീകൾ വള്ളങ്ങളിലും, ബോട്ടിലും, കാൽനടയായും തങ്ങളുടെ സഭാപ്രവർത്തകരുമായി ചങ്ങനാശ്ശേരിയിൽ വന്നുചേർന്ന കാഴ്ച വികാരജനകം തന്നെ ആയിരുന്നു. ബഹുമാനപ്പെട്ട ഏ. ജെ. കുര്യൻ അച്ചൻ അവർകൾ വിശുദ്ധ സംസ്സക്തശുശ്രൂഷയും പ്രാരംഭ പ്രസംഗവും നടത്തി യോഗപരിപാടി ആരംഭിച്ചു. തുടർന്നു നടന്ന യോഗങ്ങളിൽ സിസ്റ്റർ ഈഡിത്തിന്റെ സാന്നിദ്ധ്യവും ദൈവം ലഭിച്ചതു വിശേഷാൽ അനുഗ്രഹം ആയിരുന്നു. ഉച്ചക്ഷണത്തിനുശേഷം നടന്ന പ്രതിക്കുശുശ്രൂഷയോടുകൂടെ യോഗം അവസാനിപ്പിച്ചു. അങ്ങനെ അങ്ങിങ്ങായി താമസിക്കുന്ന ഉപസഭാംഗങ്ങൾ തമ്മിൽ ഒന്നു കണ്ടു സന്തോഷിക്കുന്നതിനും തങ്ങളുടെ ആത്മീയ ജീവിതത്തിനു ഒരു പുതുകം പ്രാപിക്കുന്നതിനും മാത്രമായി ഒരു സന്ദർഭം സൃഷ്ടിക്കുന്നതിൽ തായിസഭകളുടെ ശ്രദ്ധ കൂടുതൽ ഉണ്ടായാൽ ഏറ്റവും നല്ലതാണു.

S. T.

സ്ത്രീജന സന്നദ്ധ സുവിശേഷസംഘം

റാന്നി, കൊല്ലകടവു. സെപ്റ്റംബർ മാസത്തിൽ ഈ സ്ഥലങ്ങളിൽ വെച്ചു ഇലന്തൂർ, കോട്ടൂർകുഴി, ഈ രണ്ടു കൌൺസിലുകളിലെ സുവിശേഷായോഗങ്ങൾ നടക്കുന്നതിനു സാധിച്ചു.

ബഹുമാനപ്പെട്ട മൈക്കിൾ ജോൺ അച്ചൻ അവർകളുടെ സാന്നിദ്ധ്യവും സഹകരണവും വാന്നിയിലെ പരിപാടികൾക്കു സഹായമായതുപോലെ തന്നെ ബഹുമാനപ്പെട്ട വി. ഇ. മത്തായിഅച്ചൻ അവർകൾ, സിസ്റ്റർ ഈഡിത്തു് എന്നിവരുടെ ഉജ്ജ്വലത്തായ സുവിശേഷപ്രസംഗങ്ങളും സഭാപ്രവർത്തകൻ കെ. ജി. തോമ്മസ്സ് അവർകളുടെ ശാന്തപരമായ സാന്നിദ്ധ്യവും ഉത്തുകളും കൊല്ലകടവിലെ പരിപാടികൾക്കും അനുഗ്രഹകരമായിത്തീർന്നു. സ്ത്രീജനങ്ങളിൽ സുവിശേഷവേലയ്ക്കായുള്ള ഒരു ഉണർത്തൽ ലഭിച്ചുകൊണ്ടിരിക്കുന്നതിനു ഈ യോഗങ്ങൾ സഹായമാകുന്നതാണു്.

A. KURIYEN

ബഥേൽ വാർത്തകൾ

ഓണാവധി കഴിഞ്ഞു ആശ്രമപ്രവർത്തനം വീണ്ടും ആരംഭിച്ചിരിക്കുന്നു. അവധികാലത്തു പലർക്കും സുവിശേഷവേലയിൽ പങ്കെടുക്കുന്നതിനു സാധിച്ചു.

പുതിയ രോഗം പ്രധാനപ്പെട്ട സംഭവങ്ങൾ നടക്കേണ്ട ഒന്നാകുന്നു. ബഥേൽഭിനം, കുട്ടികളുടെ ബഥേൽഭിനം, Associate's Retreat ഇവയെല്ലാം നടക്കേണ്ടതാണു്. കുട്ടികൾക്കും അവരുടെ രക്ഷാകർത്താക്കന്മാർക്കുള്ള കളികളോടുംകൂടെ ഒന്നും, സഭകളുടെ പ്രതിനിധികൾക്കായി വേറൊന്നു വ്യത്യസ്തപരിപാടിയോടുംകൂടെ നടത്തണമെന്നും (D. V.) വിചാരിക്കുന്നു.

അൽമായകന്മാരുടെ സഹകരണപ്രവർത്തനം സഭകളിൽ പുരോഗമിപ്പിക്കണമെന്നു മക്ഷിണേന്ത്യൻസഭ ആഗ്രഹിക്കുന്നുണ്ടല്ലോ. ഈ ആശയത്തിൽ സ്ത്രീപ്രവർത്തനങ്ങളും സഹകരിക്കേണ്ടതാണു്. സ്ത്രീജനസഖ്യം കമ്മറ്റികൾ, മാതൃസംഘം സഭാസെക്രട്ടറിമാർ, അസോക്കിയേറ്റ്സ് ഇവരെല്ലാം ഈ കൂട്ടത്തിൽ ഉൾപ്പെട്ടവരാകയാൽ നാം അവരെ പരിശീലനംകൊടുത്തു കൂടുതൽ ഉപയോഗിക്കേണ്ടതാകുന്നു.

പറകാൽ, പറയ്പാറ എന്നീ ശാഖകളുടെ നടത്തിപ്പിനായി ബഥേൽ ആശ്രമം പ്രതിമാസം 100 രൂ. ഉണ്ടാക്കേണ്ടതാണു്. എന്നാൽ സഭകളിൽനിന്നു ആയതിലേക്കു, ആശ്രമത്തിനു തീരെ കുറച്ചു സംഭാവനകൾ മാത്രമാണു ലഭിക്കുന്നതു്. ആ വേലയെ സഹായിക്കണമെന്നു ആഗ്രഹിക്കുന്നവർ സഹായം അയച്ചുതരുമല്ലോ.

ബഥേൽആശ്രമത്തോടനുബന്ധിച്ചു ആരംഭിക്കണമെന്നു വിചാരിക്കുന്ന 'Home of Peace'നു സ്ഥലത്തിനും കെട്ടിടത്തിനുമായി 30,000 രൂ. വേണ്ടിവരും. അതിൽ 20,000 രൂ. ഉണ്ടാകേണ്ടിയിരിക്കുന്നു. 200 ആളുകൾ 100 രൂ. വീതമുള്ള സംഭാവന ചെയ്യാൽ ഈ ആവശ്യം പ്രയാസംകൂടാതെ നിവർത്തിക്കപ്പെടുമല്ലോ. ഇതേക്കുറിച്ചു പ്രാർത്ഥിച്ചാട്ടെ.

ഭദ്രാസനയിടവകയിലെ സ്ത്രീകളുടെ ധ്യാനയോഗം

സെപ്തംബർമാസത്തിൽ മക്ഷിണേന്ത്യൻ സഭയുടെ ഉൽഘാടനത്തോടടുത്തു മാതൃസംഘത്തിന്റെയും സ്ത്രീജനസഖ്യത്തിന്റെയും യുവതീസമാജത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ പ്രതിവർഷം നടത്തിക്കൊണ്ടിരിക്കുന്ന ധ്യാനയോഗം സെപ്തംബർമാസം 29നു ശനിയാഴ്ച അനുഗ്രഹകരമായി നടത്തുവാൻ സാധിച്ചതിൽ ദൈവത്തിനു സ്തോത്രം ചെയ്യുന്നു. രാവിലെ 8.30 മണിക്കു നടത്തപ്പെട്ട വിശുദ്ധസംസർഗ്ഗശുശ്രൂഷയോടുകൂടെ യോഗം ആരംഭിച്ചു. 'അവൾ തന്നാൽ ആവതു ചെയ്തു' എന്ന വാക്യം അടിസ്ഥാനപ്പെടുത്തി യേശുക്രിസ്തുവിനുവേണ്ടി പരമാവധി ശുശ്രൂഷയും സേവനവും ചെയ്യേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഇടവകപ്പട്ടക്കാരൻ പ്രസംഗിച്ചു.

തുടർന്നു ആസ്ത്രേലിയൻ പര്യടനം കഴിഞ്ഞു മടങ്ങിയെത്തിയ സിസ്റ്റർ റേച്ചൽ ജോസഫ് ധ്യാനപ്രസംഗങ്ങൾ നടത്തി. മഹായിടവകയിലെ സ്ത്രീകൾ അവശ്യം അറിഞ്ഞിരിക്കേണ്ട മക്ഷിണേന്ത്യാ സഭയിലെ മഹായിടവകകൾ, സ്ത്രീപ്രവർത്തനം മുതലായ കാര്യങ്ങളെപ്പറ്റി വ

ജ്ഞാനപ്രദങ്ങളായ വിവരങ്ങളും പറഞ്ഞു മനസ്സിലാക്കുന്നതിൽ സിസ്റ്റർ പ്രത്യേകം ശ്രദ്ധിച്ചതിൽ ഞങ്ങൾക്കു സന്തോഷമുണ്ട്. സിസ്റ്റർ അന്ന ബഞ്ചമിന്റെ മദ്ധ്യസ്ഥപ്രാർത്ഥനയോടുകൂടെ കാലത്തെ പരിപാടികൾ അവസാനിച്ചു.

സന്നിഹിതരായിരുന്നവർ ഒരുമിച്ചു ഉച്ചഭക്ഷണത്തിൽ പങ്കു കൊണ്ടതു ക്രിസ്തുയ്യക്കു കൂടുതൽ സഹായമായിരുന്നു. അനന്തരം എല്ലാവരും പള്ളിയിൽകൂടി കുറെ സമയം പാട്ടുപാടി സന്തോഷിച്ചു. രണ്ടുമണിക്കു സിസ്റ്റർ റേച്ചലിന്റെ ആസ്ത്രേലിയൻ പര്യടനത്തെക്കുറിച്ചുള്ള വിവരവും ആസ്ത്രേലിയായിലെ സ്ത്രീപ്രവർത്തനങ്ങളും വിവരിച്ചു കേൾപ്പിച്ചു. ഇടവകപ്പട്ടക്കാരന്റെ പ്രാർത്ഥനയും ആശീർവ്വാദവും കഴിഞ്ഞു മൂന്നുമണിക്കു എല്ലാവരും സന്തോഷത്തോടെ വീടുകളിലേക്കു മടങ്ങി. ഏകദേശം നൂറിലധികം പേരും സ്ത്രീകൾ ഹാജരുണ്ടായിരുന്നു.

സെക്രട്ടറിമാർ

Associates

ഈ ആണ്ടത്തെ Associates ധ്യാനയോഗം നവംബർ 10നു ശനിയാഴ്ച ഉച്ച മുതൽ 12നു തിങ്കളാഴ്ച ഉച്ചവരെ ബേക്കർ സ്മാരകസ്കൂൾ ബംഗ്ലാവിൽ വച്ചു നടത്തപ്പെടുന്നതാകുന്നു. ഭക്ഷണചെലവു രണ്ടു രൂപാ വീതം ആയിരിക്കും. വേദപുസ്തകം, ജ്ഞാനകീർത്തനം, മറ്റു സി. എൽ. എസ്സ് പുസ്തകങ്ങളും വിളുമ്പുണ്ടായിരിക്കുന്നതാകുന്നു. പുതുതായി അംഗങ്ങൾ വന്നു ചേരുമെന്നു ആശിക്കുന്നു. അവരുടെ പ്രവേശന ശുശ്രൂഷ 12നു തിങ്കളാഴ്ച രാവിലെ ബി. എം. സ്കൂൾ ചാപ്പലിൽവച്ചു നടത്തപ്പെടുന്നതാകുന്നു. അംഗങ്ങൾ എല്ലാവരും വന്നു ചേരുവാൻ ശ്രമിക്കുമല്ലോ. മെംബർ ഷിപ്പ് ഫീസും എല്ലാവരും അടക്കുന്നതിനു ഉത്സാഹിക്കുമെന്നാശിക്കുന്നു. ഇതു ശരീരത്തിനും ആത്മാവിനും ഒരു പുതുക്കത്തിനു അവസരമാകുമെന്നാശിച്ചു പ്രാർത്ഥിക്കുന്നു.

എന്നു
RACHEL JOSEPH

'മിഷ്യൻ ബോർഡു സെക്രട്ടറി റവ. എം. എം. ജോൺ അറിയിക്കുന്നതു ഓണവാര റിപ്പോർട്ടുകൾ ഇതിനകം മിക്ക ഇടവകകളിൽനിന്നും ലഭിച്ചു കഴിഞ്ഞു. ഇനിയും റിപ്പോർട്ടുകൾ അയയ്ക്കാനുള്ള ഇടവകകളിൽനിന്ന് ഒക്ടോബർ 16നു മുമ്പായി അയച്ചു തരണമെന്നു അപേക്ഷിക്കുന്നു. കഴിഞ്ഞവർഷം എല്ലാ ഇടവകകളിൽനിന്നും റിപ്പോർട്ടുകൾ ലഭിച്ചു. ഈ പ്രാവശ്യവും എല്ലാ ഇടവകകളും റിപ്പോർട്ട കാർഡുകൾ ശരിയായി പൂരിപ്പിച്ചു അയച്ചു തരുമെന്നു വിശ്വസിക്കുന്നു.

സുവിശേഷത്തെക്കുറിച്ചു എനിക്കു ലജ്ജയില്ല

നമ്മുടെ പ്രശംസയായിരിക്കുന്ന യേശുവിനെ പ്രസംഗിക്കുന്നതാണു നമുക്കുള്ള ഏറ്റവും വലിയ പദവി. യേശു അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സകല സൃഷ്ടങ്ങളുടെയും ആദ്യനിയും ആകുന്നു. സ്നേഹം, സേവനം, അനുസരണം, വിനയം, ധൈര്യം, സംതൃപ്തി ഇത്യാദി ഗുണങ്ങൾ തന്നിൽ വിളയാടിയിരുന്നു. യേശുവെപ്പോലൊരു രക്ഷകൻ മറെറങ്ങുമില്ല. ദൈവത്തെ മനുഷ്യജാതിക്കു വെളിപ്പെടുത്തിത്തന്നതു യേശുവാണ്. യേശു ക്രൂശിൽ ചൊരിഞ്ഞ രക്തംകൊണ്ടു മനുഷ്യജാതിക്കു വീണ്ടെടുപ്പും നിരപ്പും ലഭിച്ചിരിക്കുന്നു. ഈ സുവിശേഷം സകല മനുഷ്യർക്കും ഉള്ളതാണ്. അതിനാൽ അതു നമുക്കു ജാഗ്രതയോടെ ഘോഷിക്കാം.

നോട്ടീസ്

പുതിയ പതിപ്പു ക്രിസ്തീയഗീതങ്ങൾ ഒക്ടോബർ 10നു മുതൽ ഡയോസീസ്സൻ ബുക്കു ഡിപ്പോയിൽ വിളുമ്പുണ്ടായിരിക്കുന്നതാണ്.

മാനേജർ.

സുവിശേഷഭാഷിണി

പുസ്തകം 48. ലക്കം 10 ഒക്ടോബർ 1956

പറക്കാൽ മിഷ്യൻ

I

സെപ്തംബർ 15, 16 എന്നീ തീയതികളിൽ ഞങ്ങൾ രണ്ടുപേർ കൂടി നമ്മുടെ മിഷ്യൽ വയലായ പറക്കാലിൽ പോകുകയും താമസിക്കുകയും ചെയ്തു.

15നു- ശനിയാഴ്ച വൈകുന്നേരം പറക്കാലിലുള്ള ഗ്രാമവീടുകൾ കാണുന്നതിനായി സിസ്റ്റേഴ്സും രണ്ടുപേരും ഞങ്ങളുംകൂടെ പോയി. ചില ക്രിസ്തീയ കുടുംബങ്ങൾ വളരെ വ്യത്തിയായി സൂക്ഷിക്കുന്നതായി കണ്ടു. എന്നാൽ ആദ്യം സ്നാനപ്പെട്ടവരിൽ പലരും ആരാധനയിൽ സംബന്ധിക്കാതെ പിന്മാറിയിട്ടുണ്ട്. അങ്ങനെയുള്ള ചില ഭവനങ്ങളിൽ പോയപ്പോൾ അവരുടെ മുറിയുടെ മൂലയ്ക്കായി ഒരു ഉറി കെട്ടിത്തൂക്കിയും അതു അലങ്കരിച്ചും അതിന്റെ കീഴിൽ സാധാരണ രീതിയിലുള്ള ഒരു അടുപ്പ പോലെയും അടുപ്പിന്റെ മുന്നു മൊട്ടകളിൽ വളയിടീച്ചും അതിനകത്തു കപ്പിയിൽ കള്ളു വെച്ചിരിക്കുന്നതായും കണ്ടു. ഇതിനെപ്പറ്റി ചോദിച്ചപ്പോൾ അതു അവരുടെ ദേവനാണെന്നും ദേവനു കൊടുത്ത ഭോജനങ്ങളാണെന്നും പറഞ്ഞു.

അന്നു രാത്രിയിൽ ഒരു യോഗം അച്ചന്റെ വീട്ടുമുറ്റത്തുവച്ചു നടത്തുകയുണ്ടായി. ആൺകുട്ടികളുടെ കോലടിയും സ്ത്രീകളുടെ പാട്ടും ഉണ്ടായിരുന്നു. ഞങ്ങൾ അവരോടു സംസാരിക്കയും ചെയ്തു.

ഞായറാഴ്ച പള്ളിആരാധനയിലും ഞങ്ങൾ സംബന്ധിച്ചു. ഒരു മുറിയാണു ആരാധനയ്ക്കായി ഉപയോഗിക്കുന്നതു്. ആ മുറിയിൽ ഇരിക്കുവാൻ സ്ഥലമില്ലായിരുന്നു. സ്ത്രീകളും കുട്ടികളുമാണ് ആരാധനയ്ക്കായി വന്നതു്. പറക്കാലിലെ സകൂൾ ഇൻസ്പെക്ടറും കുടുംബവും ഹൈസ്കൂളിൽ പഠിപ്പിക്കുന്ന ഒരു റിട്ടയർ കുടുംബവും ക്രൂടാതെ ടെലഗ്രാഫി ഓഫീസിൽ ജോലിയുള്ള ഒരാളുടെ ഭാര്യയും വന്നിരുന്നു. അവർ ഹിന്ദുവാണ്. വേദപുസ്തകം അവർ വായിക്കുന്നുണ്ട്. ഞങ്ങൾ അവരുടെ വീട്ടിലും പോയിരുന്നു. എന്നാൽ പറക്കാലിൽ ആരാധനയ്ക്കായി ഒരു ആലയം ഇല്ലെന്നു പറയേണ്ടിയിരിക്കുന്നു.

പള്ളിആരാധനയ്ക്കു ശേഷം കുട്ടികൾക്കായുള്ള ഒരു ക്ലാസ്സും ഉണ്ടായിരുന്നു. സ്കൂൾകെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടില്ല. വെള്ളത്തേക്കാനും തറ നന്നാക്കുവാനും ഉണ്ട്. കുട്ടികൾ രണ്ടോ മൂന്നോ അധികം പോയിരിക്കുകയാണ്. എന്നാൽ ഭവനങ്ങൾ സന്ദർശിച്ചപ്പോൾ നമ്മുടെ സ്കൂൾ കുട്ടികൾ ആരെല്ലാം ആണെന്നു തിരിച്ചറിയുന്നതിനു സാധിക്കുമായിരുന്നു. പറക്കാലിലെ ഭാവി പ്രവർത്തകരായി തീരേണ്ടിയ അവരെ നമുക്കു പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കാം. അവർ എല്ലാവരും കൂടെ വന്നാണ് ഞങ്ങളെ യാത്ര അയച്ചതു്.

യേശുക്രിസ്തുവിനെ അറിയാത്തവർ ഇനിയും ഉണ്ട്. അങ്ങനെയുള്ളവരുടെ ഇടയിൽ വേല ചെയ്യുന്ന നമ്മുടെ മിഷ്യനറിമാരെ നമുക്കു കൂടുതലായി പ്രാർത്ഥനയിൽ വഹിക്കാം.

കല്ലുപാലം
കോട്ടയം
21-9-1956

S. THOMAS

II

ഈ ഒരു മാസത്തിൽ ഇവിടെ ലഭിച്ച സംഭാവനകൾ താഴെ കുറിക്കുന്നു. സംഭാവനകൾ അയച്ചുതന്ന ഓരോരുത്തരോടുമുള്ള നന്ദിയെ രേഖപ്പെടുത്തുകയും ചെയ്യുന്നു.

ബോർഡിങ്ങുകുട്ടികൾക്കുവേണ്ടി :— മിസ്സ് ഡി. മത്തൈസ്, ആലപ്പുഴ 24 ക; പേരു അറിയിക്കാതെ 60 ക; മി. കെ. എം. കോശി, മദ്രാസ് 25 ക.

പ്രത്യേക സംഭാവനകൾ:— പേരു അറിയിക്കാതെ 3 ക; യുവതീസമാജം, നെടുങ്ങാടപ്പള്ളി 15 ക.

പറക്കാൽ ചാപ്പലിലേക്ക്:— മി. പി. വി. കുരുവിള, നീലഗിരി 15 ക.

Parkal
(Via) Kazipet C. Ry,
19-9-'56.

കർത്താവിൽ നിങ്ങളുടെ ശുശ്രൂഷകൻ,
Rev. T. M. THOMAS

ബില്ലിഗ്രഹാം മിഷ്യൻ പിൻതുടർച്ചാപ്രവർത്തനം

വിവിധ രാജ്യങ്ങളിലും, വ്യത്യസ്തമായ സാഹചര്യങ്ങളിൽ ബില്ലിഗ്രഹാം മിഷ്യന്റെ ഒരുക്കങ്ങളുടെ പൂർണ്ണതയും സഭയോടും ഓരോ വ്യക്തിയും സ്വീകരിച്ചിരിക്കുന്ന വിശ്വാസത്തോടുള്ള പിൻതുടർച്ചപ്രവർത്തനങ്ങളുടെ യോജ്യതയും അത്ഭുതകരമായിരിക്കുന്നു. കഴിഞ്ഞജനുവരിമാസത്തിൽ ഇവിടെനടന്ന മിഷ്യൻസംബന്ധിച്ച വേണ്ട എല്ലാ ക്രമീകരണങ്ങളും സമർത്ഥമായ നിലയിൽ ചെയ്തു വലിയകമ്മറ്റി അതിന്റെ പ്രവർത്തനം അവസാനിച്ചപ്പോൾ പിൻതുടർച്ച പ്രവർത്തനങ്ങളുടെ ചുമതല വഹിക്കുന്നതിനായി ബിഷപ്പുതിരുമേനി അദ്ധ്യക്ഷനായും, മി. കെ. വി. ചെറിയാൻ സെക്രട്ടറിയായും, ഡോ. ചാപ്മാൻ വൈസ് ചെയർമാനായും, ഏഴ് പേരടങ്ങിയ ഒരു ചെറിയ കമ്മറ്റിയെ നിയമിച്ചു. മിഷ്യൻസംബന്ധിച്ചുള്ള ചെലവുകൾ നടത്തിയതിനുശേഷം, നല്ല ഒരു തുക മിച്ചമുണ്ടായിരുന്നു ഈ പ്രവർത്തനത്തിനു ഒരു നല്ല ആരംഭമിട്ടു, യൂത്തഫോർ ക്രൈസ്റ്റ് വകുപ്പിനനുസരിച്ചുള്ള ഒരു കോൺഫിഡൻസ് കോഴ്സ്, ബില്ലിഗ്രഹാമിന്റെ യോഗങ്ങളിൽ തങ്ങളേത്തന്നെ പ്രതിഷ്ഠിച്ച 3400 പേർക്കു അയച്ചുകൊടുത്തു. ഏകദേശം 700 പേർ കോഴ്സ് പൂർത്തിയാക്കി. അവർക്കായി അഗസ്റ്റ് മാസം 20 മുതൽ 22 വരെ തിരുവല്ലാ എസ്സ്. സി. സ്കൂളിൽവച്ചു ഒരു ക്യാമ്പു നടത്തുകയുണ്ടായി.

ഒരു കമ്മറ്റി അംഗമായ റവ. പി. റ്റി. തോമസ്സും സെക്രട്ടറിയും കൂടി ക്യാമ്പിനു വേണ്ട എല്ലാ സജ്ജീകരണങ്ങളും ചെയ്തു. പുരുഷന്മാരും സ്ത്രീകളും കൂട്ടികളുമായി 13 മുതൽ 65 വയസ്സുവരെ പ്രായമുള്ള 114 പേർ അതിൽ താല്പര്യത്തോടെ സംബന്ധിച്ചു. എല്ലാവരും ക്രൈസ്തവകുടുംബത്തിൽ ജനിച്ചവരായിരുന്നെങ്കിലും മഹായോഗത്തിൽവച്ചു പുതുതായി പ്രതിഷ്ഠിച്ചിട്ടുള്ളവരും ചുരുക്കം ചിലർ പുനഃപ്രതിഷ്ഠ നടത്തിയവരും ആയിരുന്നു. അതിനാൽ കഴിവുള്ള എല്ലാ സഹായങ്ങളും രംഗങ്ങളുടെ ക്രിസ്തീയജീവിതത്തിനു ലഭിക്കണമെന്നു അവർ അറിയായി ആഗ്രഹിച്ചിരുന്നു. ഹൈസ്കൂൾ കുട്ടികളും കോളേജ് വിദ്യാർത്ഥികളുമായിരുന്നു നല്ല ഒരു കൂട്ടം. ദേഹശക്തികളുടെ സ്വാധീനം ധാരാളമുള്ള ഇക്കാലത്തു തങ്ങളുടെ ഓണം അവധിയുടെ ഒരു ഭാഗം ഇങ്ങനെ ചെലവഴിക്കാൻ അവർ തീരുമാനിച്ചതു തീർച്ചയായും ശുഭസൂചകമാണ്.

തന്റെ വാചാലതയാലും ഉപമാപ്രയോഗങ്ങളാലും കേൾവിക്കാരെ ആകർഷിക്കുന്നതിനും ക്രിസ്തീയ ജീവൻ ഗ്രഹിപ്പിക്കുന്നതിനും വളരെ കഴിവുള്ള റവ. ഗോർഡൺ ജാക്സ് (കോട്ടയം) എന്ന ദേഹത്തെ പ്രധാന പ്രസംഗകനായി ലഭിച്ചതു വളരെ ഭാഗ്യമായി കരുതുന്നു. നോട്ട് കുറിക്കുന്നതു നവേണ്ടി മാത്രമല്ലാതെ കരികൊൽപോലും ആരും അദ്ദേഹത്തിന്റെ മുഖത്തു നിന്നും നോട്ടം മാറിയിരുന്നില്ല. ഈ ദൃശ്യകൾ യുവഹൃദയങ്ങളിൽ ആഴമായി പതിഞ്ഞുകാണുമെന്നു പ്രത്യാശിക്കുന്നു.

ക്യാമ്പിൽവച്ചു കോഴ്സ് പൂർത്തിയാക്കിയവർക്കു 'വിശ്വസ്തനായിരിക്ക' എന്ന പുറത്തു അച്ചടിച്ച സർട്ടിഫിക്കറ്റു നല്കുകയുണ്ടായി. 22 കോളേജ് വിദ്യാർത്ഥികൾ ഉണ്ടായിരുന്ന ഒരു ഗ്രൂപ്പിൽ എല്ലാവരും തന്നെ തങ്ങളുടെ ജീവിതാവസാനംവരെ ക്രിസ്തുവിനെ സേവിക്കുന്നതിനുള്ള തീരുമാനം ചെയ്തുകയുണ്ടായി.

ബില്ലിഗ്രഹാമിന്റെ പരിഭാഷയോടുകൂടിയ രണ്ടു പ്രസംഗങ്ങൾ റെയ്പ്പറെകോർഡു ചെയ്തു, ക്യാമ്പിൽവച്ചു കേൾപ്പിക്കുകയും ഉച്ചഭാഷിണി ഘടിപ്പിച്ചു പട്ടണത്തിലുള്ളവർക്കും കേൾക്കുന്നതിനു സൌകര്യപ്പെടുത്തുകയും ചെയ്തു. യാത്രക്കാർ ഈ കേൾക്കുന്നതിനു വളരെ കൌതുകം പ്രകടിപ്പിച്ചു. ക്യാമ്പിലുണ്ടായിരുന്നവർക്കു ആ മഹായോഗത്തിന്റെ ഒരു സ്മരണ അതു നല്കി. ബില്ലിഗ്രഹാംമിഷ്യൻ പ്രയോജനകരമായിത്തീർന്നവർക്കു അങ്ങനെയുള്ള മാറ്റങ്ങളുമായി ഒരു കൂട്ടായ്മ പുലർത്തുന്നതിനു ഈ ക്യാമ്പു സഹായിച്ചു. അതിൽ സംബന്ധിച്ച എല്ലാവരും തന്നെ തങ്ങൾക്കു ലഭിച്ച വെളിച്ചം പരത്തുവാൻ ശ്രമിക്കുമെന്നു വിശ്വസിക്കാം.

E. M. D.

പറ്റ്പാറാമിഷ്യൻ

I

പ്രിയ സ്നേഹിതരേ,

മദ്ധ്യപ്രദേശത്തും, മദ്ധ്യരേതത്തിലും ക്രിസ്തീയപ്രവർത്തനത്തിനു എതിരായ ഉയർന്നുകൊണ്ടിരിക്കുന്ന ആലോചനകളും നിശ്ചയങ്ങളും എല്ലാവരെയും ഉൽകണ്ഠാഭരിതരാക്കിയിരിയ്ക്കുയാണു. പറ്റ്പാറായിലെ വേലയ്ക്കു ഇതു പ്രത്യേകിച്ചും ബാധകമായിരിക്കയില്ലെ എന്നു പല സ്നേഹിതർ ചിന്തിക്കുന്നുണ്ടാവാം. മിഷ്യൻവക കെട്ടിടങ്ങളും സ്ഥലങ്ങളും കൈവശമാക്കുന്നതിനു എതിരാളികൾ തക്കം നോക്കിക്കൊണ്ടിരിക്കുന്നു എന്നതു ആരും വിസ്മരിക്കരുതു. ഈ പ്രദേശങ്ങളിലെ ക്രിസ്തീയ സകേളുടെയും സ്ഥാപനകളുടെയും താല്പര്യലിക സ്ഥിതി കാണുമ്പോൾ ഇതൊക്കെയും വിദേശിയരുടെ പ്രത്യേക ഒരു ഭ്രമമായിരുന്നില്ല എന്നു ഗവർമ്മെൻറിനും മറ്റുള്ളവർക്കും തോന്നുന്നതിൽ അതിശയിപ്പാനില്ല. വിദേശമിഷ്യനറിമാർ വിവിധ കാരണങ്ങളാൽ പല മിഷ്യൻ വയലുകളെയും വിട്ടുപോകേണ്ടിവന്നു. എന്നാൽ അവർ നടത്തിക്കൊണ്ടിരുന്ന വേലകൾ അതുപോലെ തന്നെയോ അതിൽ ഉന്നതമായ തോതിലോ ഏറ്റെടുത്തു നടത്തേണ്ടുന്ന ചുമതല ഭാരതീയ ക്രിസ്ത്യാനികളുടേതല്ലേ! ഗ്രാന്റ്വാനാമിക്ഷ്യനിൽ ഇരുപത്തിരണ്ടു ഉപസഭകൾ, പല മനോഹരമായ ദേവാലയങ്ങൾ, അനേകം പ്രൈമറിസ്കൂളുകൾ ഇവയെല്ലാം ഉണ്ടായിരുന്നു. എന്നാൽ ഇന്നു കട്ടെ പറ്റ്പാറായുംകൂടെ ഉൾപ്പെടുത്തിയാൽ കേവലം 6 സ്റ്റേക്ഷനും അവയിൽ നാലു ദേവാലയങ്ങളും (സ്കൂളുകൾ ഒന്നും പോരും ഇല്ല) ശേഷിച്ചിരിക്കുന്നു. ഇവയുടെ നിലനിൽപു എത്രത്തോളമെന്നതും വളരെ സംശയത്തിലാണു. പ്രവർത്തകരുടെയും പണത്തിന്റെയും അഭാവത്താൽ അധഃപതിച്ചുകൊണ്ടിരിക്കുന്ന സുവിശേഷവയലുകളെ വീണ്ടുപോകുന്ന അവസ്ഥയിൽനിന്നും ഉദ്ധരിച്ചു, അനേകർക്കു ജീവനും പ്രകാശവും നല്കുന്ന സ്ഥാപനകളായി രൂപാന്തരപ്പെടുത്തുന്നതിൽ കേരളത്തിലെ ക്രിസ്ത്യാനികൾക്കുള്ള ചുമതല എത്ര അധികമെന്നും പറയേണ്ടതില്ലല്ലോ. ഞങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പറ്റ്പാറ, കഴിഞ്ഞ വർഷങ്ങൾക്കു മുമ്പുവരെ ഏറ്റവും വിപുലമായ തോതിൽ വേല നടന്നുകൊണ്ടിരുന്ന സ്ഥലമാണു. എന്നാൽ ഇന്നത്തെ നില എത്ര ശോചനീയമെന്നു കാണുന്നവർക്കു മനസ്സിലാകും. ഞങ്ങൾ നാലുപേർ ദൈവം നല്കുന്ന കഴിവനുസരിച്ചു വിവിധ രീതികളിൽ പ്രവർത്തിക്കുന്നു. വെറും നാലുപേരെകൊണ്ടുമാത്രം ഇവിടെ വേല പുരോഗമിക്കുമെന്നു വിചാരിച്ചു തൃപ്തിപ്പെടരുതു. ഒരു ഡോക്ടർ കൂടെ പക്ഷം ഒരു കമ്പൗണ്ടറോ മിഡ്വൈഫോ അത്യാവശ്യമാണു. ഈ സ്കൂൾവർഷാരംഭം മുതൽ ഇവിടത്തെ പ്രൈമറിസ്കൂൾ നിറുത്തിയതോടുകൂടെ ഞങ്ങൾതന്നെ ഒരു നേഴ്സറിസ്കൂൾ ആരംഭിച്ചു നടത്തിവരികയാണു. ഇതിലേക്കും പരിശീലനം ലഭിച്ച ഒരാൾ വേണം. ഗ്രാമങ്ങളിൽ പ്രത്യേകിച്ചു രാത്രിസമയത്തു പോയി പ്രസംഗയോഗങ്ങൾ നടത്തുമ്പോൾ, പ്രസംഗിക്കുന്നതിനും പാട്ടുകൾ പാട്ടുന്നതിനും കൂടുതലാരെ ആവശ്യമാണു. പറ്റ്പാറയിലുള്ള അൻപത്തിയാറു ക്രൈസ്തവർ സ്ഥലം കൃഷി ചെയ്തു പ്രയോജനപ്പെടുത്തുന്നതിനു കൃഷിയിൽ താല്പര്യവും പരിചയവും ഉള്ളവരെയും ആവശ്യമാണ്.

ഇന്നു കിടക്കുന്ന വാതിലുകൾ അടയ്ക്കപ്പെട്ടുന്നതിനു മുമ്പേ, ഉള്ള ജീവൻ അശേഷം ഇല്ലാതെ പോകുന്നതിനു മുൻപെ ആവശ്യങ്ങൾ ഗ്രഹിച്ചു ദൈവത്തിലാശ്രയിച്ചുകൊണ്ടു ധൈര്യപ്പെട്ടു മുൻപോട്ടിറങ്ങാം. പ്രതികൂലസാഹചര്യങ്ങൾ കണ്ടു ഭ്രമിച്ചിട്ടു കാര്യമില്ലല്ലൊ. "ജാതികൾ കലഹിക്കുന്നതും വംശങ്ങൾ വ്യർത്ഥമായതു നിരൂപിക്കുന്നതും എന്തു? യഹോവെക്കും അവന്റെ അഭിഷിക്തനും വിരോധമായി ഭൂമിയിലെ രാജാക്കന്മാർ എഴുന്നേല്ക്കുകയും അധിപതികൾ തമ്മിൽ ആലോചിക്കുകയും ചെയ്യുന്നതു; നാം അവരുടെ കെട്ടുകളെ പൊട്ടിച്ചു അവരുടെ കയറുകളെ എറിഞ്ഞുകളക. സ്വർഗ്ഗത്തിൽ വസിക്കുന്നവൻ ചിരിക്കുന്നു. കർത്താവു അവരെ പരിഹസിക്കുന്നു." എന്നു രണ്ടാം സങ്കീർത്തനത്തിൽ പറഞ്ഞിരിക്കുന്നതു ഓർക്കും. നാം ദർശനം പ്രാപിച്ചു മുമ്പോട്ടിറങ്ങി പ്രവർത്തിക്കുമെങ്കിൽ നമുക്കും ഈ സാഹചര്യങ്ങൾ കണ്ടു ചിരിക്കാം. കാരണം സ്വർഗ്ഗത്തിലെ ദൈവം നമ്മുടെ ദൈവമാണു. സ്വർഗ്ഗത്തിലെ ദൈവത്തിന്റെ മക്കളെങ്കിൽ നമുക്കുള്ള സകല കഴിവുകളെയും അവനായിട്ടു ഉപയോഗിച്ചു വിജയികളാകാം.

കുറച്ചു ദിവസങ്ങൾക്കു മുമ്പു ഇവിടത്തെ ഒരു സഭാംഗമായ "ധമ്മാസിനു" സൂമോണിയാ രോഗം പിടിപ്പെട്ടു. രോഗം അല്പം കൂടുതലായിരുന്നു. എങ്കിലും ആശുപത്രിയിൽകൊണ്ടുപോകുന്നതിനു കഴിവില്ലായിരുന്നതിനാൽ ഞങ്ങൾ വേണ്ടുന്ന ശ്രുശ്രൂക്ഷകൾ ചെയ്തു. ദൈവകൃപയാൽ അദ്ദേഹത്തിനു സൗഖ്യം ലഭിച്ചു. ഇദ്ദേഹം ഇവിടത്തെ വലിയ ഒരു മദ്ധ്യപാനിയാണു. ഇനിയുമെ

കിലും അങ്ങനെയുള്ള സ്വഭാവങ്ങൾ ഉപേക്ഷിച്ചു വിശ്വസ്തസാക്ഷിയായി ജീവിപ്പാൻ ഇടയാകണമെന്നു എല്ലാവരും പ്രാർത്ഥിക്കണമേ.

ആഗസ്റ്റ് ആദ്യം നാഗപ്പൂരിൽ വച്ചു നടന്ന Evangelism, Women's work എന്നീ കമ്മറ്റികളിൽ സിസ്റ്റർ മേയിച്ചൽ ജോൺ സംബന്ധിക്കയുണ്ടായി.

സെപ്തംബർ ഒന്നാം തിയ്യതി ജബൽപ്പൂരിൽനിന്നും അഞ്ചുപേരടങ്ങിയ ഒരു ഗ്രൂപ്പു (ഭൂന്നു മാത്തുമ്മാക്കാരും രണ്ടു സി. എസ്സ്. ഐ. കാരും—അതിൽ ഒരാൾ നമ്മുടെ കെ. ജെ. ചാക്കോച്ചന്റെ മകൾ അന്നാമ്മയാണു). ഇവിടെ വന്നു കാട്ടുവെട്ടിതെളിക്കുക, പള്ളികുകം വൃത്തിയാക്കുക മുതലായ ജോലികൾ ഞങ്ങൾ ഒരുമിച്ചു ചെയ്തു. ഞായറാഴ്ച ആരാധനയിൽ സംബന്ധിച്ചു, ഇങ്ങനെയുള്ള സന്ദർശനം ഞങ്ങൾക്കു ഏറ്റവുമാത്രം പ്രോത്സാഹജനകമാണു. പൂവത്തൂർക്കാരൻ ഒരു യുവാവു അടുത്തയാഴ്ചയിൽ നമ്മുടെ വേലസ്ഥലം സന്ദർശിക്കാൻ വരുമെന്നു അറിയിച്ചിട്ടുണ്ടു. നമ്മുടെ യൗവനക്കാർക്കു ഈ വേലയിലുള്ള താല്പര്യം ഏറ്റവുമാത്രമെന്നു ഇതൊക്കെ വ്യക്തമാക്കുന്നു.

പാറ്റ്പാറയിലെ പിശാചിന്റെ തലവന്റെ മകളെ പിശാചു പിടിക്കുടി. കഴിവുള്ള തന്ത്രങ്ങളെല്ലാം നോക്കിയിട്ടും ഇതേവരെ സുഖമായില്ല. പിശാചിലുള്ള വിശ്വാസവും ആശ്രയവും നശിച്ചു ക്രിസ്തീയപ്രവർത്തനം അഭിവൃദ്ധിപ്പെടുന്നതിനു ഇതു ഒരു മുഖാന്തിരമായി തീരണമേ എന്നു നമുക്കെല്ലാവർക്കും പ്രാർത്ഥിക്കാം.

വലിയ മഴക്കാലം തീർന്നു. നമ്മുടെ നെല്ലിനു കതിരായി. സകല കാര്യങ്ങളും വീണ്ടും നിങ്ങളുടെ പ്രാർത്ഥനയ്ക്കായി സമർപ്പിച്ചുകൊള്ളുന്നു.

Mission House,
Patpara P. O.,
Mandla, M. P.
4th Sept, 1956.

പാറ്റ്പാറമിഷ്യനറിമാർ.

II

പാറ്റ്പാറാമിഷ്യൻ പ്രവർത്തനങ്ങളെക്കുറിച്ചു മാസികാ വായനക്കാർ തുടരെ അറിഞ്ഞുകൊണ്ടിരിക്കുകയാണല്ലൊ. ഒരു പ്രത്യേക അവസരം പ്രമാണിച്ചാണു ഈ കത്തു എഴുതുന്നതു്.

നമ്മുടെ മിഷ്യനറിമാർ പാറ്റ്പാറായിൽ പ്രവർത്തനം തുടങ്ങിയതിന്റെ ദ്വിതീയ വാർഷികം ഈ ഒക്ടോബർ മാസം ഒൻപതാംതിയ്യതിയാണു. ഇതുയും നാൾ നമ്മുടെ മിഷ്യനറിമാരെയും നമ്മെയും കാത്തു സൂക്ഷിച്ചു നാം ഏവരെയും പ്രയോജനമുള്ളവരാക്കിതീർക്കുന്ന സർവ്വകാരുണികനായ ദൈവത്തിന്റെ തിരുനാമം എന്നേക്കും മഹത്വപ്പെടട്ടെ. ആരംഭകാലത്തെ പ്രത്യേക പ്രയാസങ്ങൾ തരണം ചെയ്തു വിജയകരമായും വിശ്വസ്തതയോടും സേവനം അനുഷ്ഠിക്കുന്ന മിഷ്യനറിമാർക്കു വേണ്ടി നമുക്കു സ്തോത്രം ചെയ്യാം.

മിഷ്യനറി പ്രവർത്തനത്തിനു പല തരത്തിലുള്ള തടസ്സങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന ആധുനിക കാലഘട്ടത്തിൽ നേരിടാവുന്ന എല്ലാ പ്രയാസങ്ങളെയും തരണം ചെയ്തു സുവിശേഷത്തിന്റെ സാക്ഷികളായി പ്രശോഭിപ്പാൻ പാറ്റ്പാറാമിഷ്യനറിമാർക്കു വേണ്ട ഉത്തേജനവും കഴിവും ലഭിക്കുന്നതിനു നമുക്കു താല്പര്യപൂർവ്വം പ്രാർത്ഥിക്കയും സഹായത്തിന്റെ കൈകൾ നീട്ടുകയും ചെയ്യാം.

Kottayam,
Oct. 3, '56.

Secretary,
Patpara Mission.

ദക്ഷിണേന്ത്യാസഭയുടെ ആരാധനാക്രമം

(Rev. V. T. KURIAN, *Bangalore*)

ദക്ഷിണേന്ത്യാസഭയുടെ ആരാധന ഇതുപര്യന്തം ക്രമീകരിച്ചിരിക്കുന്നതു അതിന്റെ ഭരണക്രമം രണ്ടാം അദ്ധ്യായം 12-ാം ഖണ്ഡികയിൽ ആരാധനയെക്കുറിച്ചു പറഞ്ഞിട്ടുള്ള അടിസ്ഥാന

തപങ്ങൾക്കു പിന്തുടർച്ചയായും, 10-ാം അദ്ധ്യായത്തിൽ അതെവിധത്തിലുള്ള കാര്യത്തെക്കുറിച്ചു തന്നെ നല്കിയിരിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ചുമാണ്. ഭരണക്രമം അനുസരിച്ചു ഐക്യത്തിനു മുമ്പു അതാതു സഭകളിൽ ഉപയോഗിച്ചുപോന്ന ആരാധനാക്രമങ്ങളും രീതികളും തുടർന്നുകൊണ്ടിരിക്കുന്നതിനുള്ള സ്വാതന്ത്ര്യം സഭകൾക്കുണ്ട്. എന്നാൽ ആവശ്യമുണ്ടായാൽ കാലക്രമത്തിൽ പൊതുഉപയോഗത്തിനായി ആരാധനാക്രമങ്ങൾ ഉണ്ടാക്കുന്നതിനുള്ള അനുമതിയും ഭരണക്രമം നല്കുന്നു. ഈ രണ്ടു തത്വങ്ങളും മിക്കവാറും ഓന്ത്യാസഭയുടെ ആരാധനാജീവിതത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ആദ്യത്തെ പ്രമാണം അനുസരിച്ചു അനേക സഭകളിലും ഐക്യത്തിനുശേഷം ആരാധനാക്രമങ്ങളിൽ കാര്യമായ യാതൊരു വ്യത്യാസവും ഉണ്ടായിട്ടില്ല. എന്നാൽ വിവിധ ആരാധനാപാരമ്പര്യങ്ങളിൽപെട്ടവർ മഹായിടവക കൌൺസിൽ യോഗങ്ങൾ, സുന്നഹദോസു മുതലായവയ്ക്കു ഒരുമിച്ചു വന്നപ്പോൾ പൊതുവിൽ അംഗീകരിച്ചതായ ക്രമങ്ങളുടെ ആവശ്യം ബോധപ്പെട്ടു. അതിന്റെ ഫലമായി മിക്കവാറും ഓന്ത്യാസഭയുടെ സുന്നഹദോസു ഒരു പ്രാർത്ഥനാക്രമകമ്മറിയെ നിയമിക്കയും അതു പ്രവർത്തിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു.

വിവിധ പാരമ്പര്യങ്ങളിൽ പരിചയിച്ചവരും വിവിധ ഭാഷ സംസാരിക്കുന്നവരുമായ തെന്നിന്ത്യാസഭയിൽ പെട്ടവർക്കു എല്ലാ ക്രമങ്ങളും ഉൾപ്പെട്ട ഒരു ആരാധനക്രമം ഉണ്ടാക്കുന്നതു ക്ഷിപ്രസാദ്ധ്യമായ ഒരു സംഗതിയല്ല. (പ്രാർത്ഥനാക്രമകമ്മറിയുടെ യോഗത്തിൽ സംബന്ധിക്കുമ്പോൾ അവിടെ എതിരിടുവാനുള്ള പ്രശ്നങ്ങൾ ഏത്ര വലുതെയാണ് എന്നു മനസ്സിലാകും). അതുകൊണ്ടു പ്രാർത്ഥനാക്രമകമ്മറി സാവധാനത്തിലാണ് അതിന്റെ വേല നിർവ്വഹിക്കുന്നതു്.

പ്രാർത്ഥനാക്രമകമ്മിറിയെ നിയമിച്ചതിന്റെശേഷം ഇതുവരെ അതു ചെയ്തിട്ടുള്ളതും ഇനിയും അതു ചെയ്യാനുദ്ദേശിക്കുന്നതുമായ സംഗതികളുടെ ഒരു വിവരണം നല്കുമ്പോൾ മിക്കവാറും ഓന്ത്യാസഭയിൽ ആരാധനാക്രമത്തെ സംബന്ധിച്ചു ചെയ്യാനുള്ള പ്രധാനമായ കാര്യങ്ങളുടെ ഒരു രൂപം വായനക്കാർക്കു ലഭിക്കും.

കമ്മറി ആദ്യം പുറപ്പെടുവിച്ചതു "കർത്താവിന്റെ അത്താഴത്തിന്റെ ഒരു ക്രമമാണ്." ആറു വർഷത്തെ ശ്രമത്തിന്റെ ഫലമായിട്ടാണ്, "പൊതു ഉപയോഗത്തിനായി സിന്നഡ് അംഗീകരിച്ച ശുശ്രൂക്ഷക്രമം" 1954-ൽ ആദ്യം ഇംഗ്ലീഷിൽ ഒരു ക്രമം ഉണ്ടാക്കി പ്രസിദ്ധപ്പെടുത്തിയതു. മിക്കി നോന്ത്യാസയേയിലും പുറത്തും ഉള്ളവരുടെ നിരുപണങ്ങൾക്കായി അതു സമർപ്പിച്ചു. ഈ ക്രമത്തെ സംബന്ധിച്ചു ലഭിച്ചതായ അഭിപ്രായങ്ങളും ആക്ഷേപങ്ങളും സൂക്ഷ്മമായി പരിശോധിച്ചതിന്റെ ശേഷം, പരിഷ്കരിച്ച ഒരു ക്രമം പരീക്ഷണാർത്ഥം ഉപയോഗിക്കുന്നതിനായി പ്രസിദ്ധീകരിച്ചു. പിന്നീടു ഈ ക്രമം മലയാളം, തമിഴ്, കന്നഡം, തെലുങ്കു്, എന്നീ ഭാഷകളിൽ വിവർത്തനം ചെയ്തു. തൽഫലമായി അനേകസഭകളിലും ഈ ക്രമം ഉപയോഗിക്കയും ആരാധകർ അവരുടെ അഭിപ്രായം പുറപ്പെടുവിക്കയും ചെയ്തു. ഈ അഭിപ്രായങ്ങൾ അറിഞ്ഞതിന്റെശേഷം ശുശ്രൂക്ഷാക്രമത്തിൽ അല്പമായ വ്യത്യാസങ്ങൾ വരുത്തി. 1954-ൽ കൂടിയ മിക്കിനോന്ത്യാസയേയുടെ സുന്നഹദോസു പൊതു ഉപയോഗത്തിനായി ഈ ക്രമം അംഗീകരിക്കയും ചെയ്തു. പരിഷ്കരിച്ച ഈ ക്രമം മലയാളത്തിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു 50 പ്രതികൾക്കു 8 രൂപാ വിലയ്ക്കു വാങ്ങിക്കാവുന്നതാണ്.

കർത്താവിന്റെ അത്താഴത്തിന്റെ ക്രമം കൂടാതെ ജ്ഞാനസ്നാനത്തിനുള്ള ക്രമവും, സ്ഥിരീകരണത്തിനുള്ള ക്രമവും ഇപ്പോൾ ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഓരോ ഭദ്രാസനങ്ങളിലുള്ള അപേക്ഷകളും, വേദവായനാഭാഗങ്ങളും, മിനസ്രൂതി വായിക്കുന്നതിനുള്ള വേദഭാഗങ്ങളും നിശ്ചയിക്കയും അച്ചടിക്കയും ചെയ്തു.

സെപ്തംബർ മാസം 13—17 വരെയുള്ള തീയതികളിൽ ഈ കമ്മറി മദ്രാസിൽ വച്ചു സമ്മേളിച്ചു പട്ടംകൊടുക്കുന്ന ശുശ്രൂക്ഷാക്രമങ്ങൾ, കാലത്തേയും ഒടുക്കിട്ടത്തേയും പ്രാർത്ഥനകൾ, നവവത്സര പ്രതിക്ഷയ്ക്കുള്ള ക്രമം മുതലായവയുടെ കരടു പകർപ്പുകൾ ഉണ്ടാക്കിയിട്ടുണ്ട്. ആ യോഗത്തിൽ വച്ചുതന്നെ ഒരാണ്ടിനകം ജ്ഞാനസ്നാനാർത്ഥികളെ സ്വീകരിക്കുന്നതിനുള്ള ക്രമവും, ഇതരസഭകളിൽനിന്നു മിക്കിനോന്ത്യാസയേയിൽ ചേരണമെന്നാഗ്രഹിക്കുന്നവരെ സ്വീകരിക്കുന്നതിനുള്ള ക്രമവും, രോഗികൾക്കുള്ള കർത്താവിന്റെ അത്താഴക്രമവും, ഒരു സാധാരണയോഗവും ഉണ്ടാക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ കെട്ടുകൾ ചെയ്തു. ഇനിയും പ്രാർത്ഥനാക്രമത്തിൽ ഉൾപ്പെടുത്തേണ്ട വേറെ ഘടകങ്ങളും ഉണ്ടെന്നു വായനക്കാർക്കു അറിയാമല്ലോ.

1960-ലോ 1961-ലോ ഏല്ലാ ക്രമങ്ങളും ചേർന്നുള്ള മിക്കിനോന്ത്യാസയേയുടെ ഒരു ആരാധനാക്രമം പ്രസിദ്ധപ്പെടുത്തുന്നതിനു സാധിച്ചേക്കുമെന്നു പ്രാർത്ഥനാക്രമകമ്മറി വിചാരിക്കുന്നു. ഇതു

വളരെ ഉത്തരവാദിത്വമുള്ള ഒരു വേലയാണ്. ഉക്കിണോന്ത്യാസഭയുടെ ആരാധനാജീവിതത്തെ സംബന്ധിച്ചിടത്തോളം ഇതു സവ്വപ്രധാനമായ ഒരു ഘട്ടവുമാണ്.

ആരാധനാക്രമത്തിന്റെ നിർമ്മാണത്തിൽ സഭ പൊതുവെയും, സഭാംഗങ്ങൾ പ്രത്യേകമായും അവശ്യം അറിഞ്ഞിരിക്കേണ്ട ചില സംഗതികളെക്കുറിച്ചു ഇനിയുമുള്ള ലക്കങ്ങളിൽ എഴുതുമെന്നു ആശിക്കുന്നു.

[ഉക്കിണോന്ത്യാസഭയുടെ ആരാധനാക്രമരൂപീകരണത്തെക്കുറിച്ചും മറ്റുമുള്ള ഈ ലേഖനങ്ങൾ, ഈ ആരാധനാക്രമം കൂടുതൽ ശ്രദ്ധയോടും സന്തോഷത്തോടുംകൂടെ ഉപയോഗിക്കുന്നതിനു സഹായകരമായിരിക്കുമെന്നു വിശ്വസിക്കുന്നു. (Ed.)]

ഒരു സുവിശേഷപ്രസംഗയാത്ര

കുമ്പളാംപൊയ്ക, കുളഞ്ഞി, ഓമല്ലൂർ, നല്ലാനിക്കുന്നു, കുഴികാല, പുന്നയ്ക്കാട്ടു ഈ ഇടവകകളുടെ രണ്ടു കൂട്ടായ്മയോഗത്തിന്റെ ഉത്സാഹത്താൽ ആഗസ്റ്റ് മാസം 22-നു ബുധനാഴ്ച രാവിലെ 9 മണിക്കു 14 പേർ ഉള്ള ഒരു സംഘം പ്രാസംഗികർ, ഒരു വാൻ പിടിച്ചു കോഴഞ്ചേരിനിന്നും, പാട്ടു മുതലായ താളമേളങ്ങളോടും വേദവാക്യങ്ങൾ ഉച്ചരിച്ചുകൊണ്ടും പുറപ്പെട്ടു. ഈ കൂട്ടത്തിൽ മാർത്തോമ്മാസഭയിൽപെട്ട മൂന്നു പേരും ഉണ്ടായിരുന്നു.

ആറന്മുള, കിടങ്ങന്നൂർ, മെഴുവേലി, ഇലവന്തിട്ട ഈ സ്ഥലങ്ങളിൽ പ്രസംഗങ്ങൾ പറഞ്ഞും, ഇലവന്തിട്ട ചന്തയിൽ നല്ലാനിക്കുന്നു ഇടവകക്കാരുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു.

റവ. പി. ഇ. ചാക്കോ അച്ചൻ 75 വയസ്സുകാരന്റെ പ്രസംഗം പ്രായമുള്ളവരേയും മറ്റു കേൾവിക്കാരേയും ആകർഷിക്കുന്ന രീതികളായിരുന്നു.

വാനിൽ സഞ്ചരിച്ചവർക്കു നല്ലാനിക്കുന്നിൽ ഡോ. വി. കെ. കോശി അവർകളുടെ ഭംഗിയിൽവച്ചു വിശേഷമായ ഒരു സദ്യ നല്കുകയുണ്ടായി.

വീണ്ടും യാത്ര ചെയ്തു തുമ്പമൺ, അമ്പലക്കടവു, മഞ്ഞിനിക്കര, ഓമല്ലൂർ ഈ സ്ഥലങ്ങളിൽ കടന്നു ഗീതങ്ങൾ ആലപിച്ചു വാക്യങ്ങൾ ഉദ്ധരിച്ചുംകൊണ്ടു ക്രിസ്തുവിങ്കലേക്കു കേൾവിക്കാരെ ആകർഷിച്ചും പ്രസംഗങ്ങൾ പറഞ്ഞു തുടർന്നു പത്തനംതിട്ട, കുമ്പഴ, മൈലപ്രാ, മണ്ണാരക്കുളഞ്ഞി, കുമ്പളാംപൊയ്ക ഈ സ്ഥലങ്ങളിലും ഏത്തി പ്രസംഗങ്ങൾ നടത്തി. കുമ്പഴ എന്ന സ്ഥലത്തു മല്ലശ്ശേരിക്കാരും മണ്ണാരക്കുളഞ്ഞിയിൽ മാർത്തോമ്മാക്കാരും, കുമ്പളാംപൊയ്കയിൽ അവിടെയുള്ള വിവിധ സഭാംഗങ്ങളും കൂടിയിരുന്നു. വൈകിട്ടു 6 മണിയോടെ കുമ്പളാംപൊയ്ക ഇടവകപ്പട്ടക്കാരന്റെ കൂപ്പിസ്വീകരണത്തിന്റെ ശേഷം ഞങ്ങൾ രാത്രി 7 മണിയോടെ വീണ്ടും പത്തനംതിട്ട ഏത്തി.

രാത്രിസമയത്തുള്ള യോഗങ്ങളിൽ റവ. ററി. വി. കുരുവിള അച്ചൻ "യേശുവിനെ രക്ഷിതാവായി ഉയർത്തിക്കാണിച്ചു" തന്റെ അനുഭവസാക്ഷ്യങ്ങളാൽ മഹമ്മദീയരേയും ഗവർമ്മെന്റു ഉദ്യോഗസ്ഥന്മാരേയും ആകർഷിച്ച രംഗം ഒരിക്കലും മറക്കുവാൻ പാടില്ലാത്തതാണ്. റവ. കെ. ജോസ്സ് അച്ചൻ, ക്രിസ്തു എല്ലാവരിലും മികച്ച ആരാധ്യപുരുഷൻ എന്ന അനുഭവസാക്ഷ്യത്തോടെ ഉയർത്തിക്കാണിച്ചതും കേൾവിക്കാരെ വളരെ ആകർഷിച്ചു.

ഇനിയും ഞങ്ങൾക്കു ഇപ്രകാരമുള്ള ദൂതുകൾ കേൾക്കണമെന്നും പതിവായി പത്തനംതിട്ട പ്രസംഗം നടത്തണമെന്നും വിവിധ സമുദായാംഗങ്ങൾ ആവശ്യപ്പെട്ടിരിക്കുന്നു. ഏതാണ്ടു രണ്ടുമണിക്കൂറോളം കൂടെ ഗീതങ്ങൾ പാടിയും വാക്യങ്ങൾ ഉദ്ധരിച്ചുംകൊണ്ടു മടങ്ങിയും കോഴഞ്ചേരിക്കു പോയി. ഉദ്ദേശം 70 മൈൽ ദൂരം സഞ്ചരിച്ചു. 3000 ട്രാക്ടുകൾ വിതരണം ചെയ്തു. 7 ചന്തസ്ഥലങ്ങളിൽ ഈ ഒരു ദിവസം 25 പ്രസംഗങ്ങൾ പറയുവാൻ സാധിച്ചു. കടന്നുപോയ സ്ഥലങ്ങളിൽ ഒക്കെയും ഒരു നവഉത്സാഹം ദൂതുകളാൽ ദൈവം കൊടുത്തു എന്നു ഞങ്ങൾക്കു ബോദ്ധ്യമായി. ദൈവമക്കളായ പലരും സന്തോഷത്തോടെ ഈ യാത്രക്കായി 75 രൂപയോളം ദാനമായി നല്കി സഹായിച്ചു.

ഈ വേല തുടർന്നു ചെയ്യുവാനും തുടങ്ങിക്കുന്നു. നമ്മുടെ മഹായിടവകയിൽ സുവിശേഷവേല ഉജ്ജീവമായി നടത്തുവാൻ താല്പര്യമുള്ള ദൈവമക്കളുടെ ഓരോ സംഘടനയ്ക്കും, കാറോ, വാനോ, ബസ്സോ, കുറഞ്ഞ ചാർജ്ജിൽ കൊടുപ്പാൻ തുടങ്ങിയവർ പരസ്യപ്പെടുത്തുന്നതു, വേലയ്ക്കു പ്രോത്സാഹനം നല്കുന്നതാണ്.

ഈ യാത്രയുടെ ഫലമായി പത്തനംതിട്ട, ആറ്റരയിൽ ഒരിക്കൽ നാലു സമുദായങ്ങളിൽ ഉൾപ്പെട്ട

നില്ക്കുന്ന ദൈവമക്കൾ ഒരുമിച്ചു ചേർന്നു ഒരു കൂട്ടായ്മയോഗവും, പരസ്യയോഗവും നടത്തുന്നതിനു തീരുമാനിച്ചു. കൂട്ടായ്മയോഗം ഇടച്ചയായി നടന്നുകൊണ്ടിരിക്കുന്നു.

നമ്മുടെ മഹായിടവകയിലും വിവിധ സഭകൾ ചേർന്നു വേലസ്ത്രീയുള്ള സംഘടനകൾ ഉണ്ടാക്കി അരുമനാഥന്റെ പുനരാഗമനത്തിന്റെ മുമ്പായി സുവിശേഷപ്രവർത്തനത്തിന്റെ പാതയെ വെട്ടി ഇറുന്ന് അനേകരെ രക്ഷാമാർഗ്ഗത്തിലേക്കു നയിക്കാം.

M. G. GEORGE.

മഹായിടവക സണ്ടേസ്ക്കൂളുകൾക്കു ഒരു കത്ത്

നടിക്കുട

(പക്കാൽ മിഷ്യൻ)

പ്രിയസ്നേഹിതരേ.

നമ്മുടെ മഹായിടവകയിലെ എല്ലാ സണ്ടേസ്ക്കൂൾകുട്ടികൾക്കും അദ്ധ്യാപകർക്കും നടിക്കുട എന്ന ഗ്രാമത്തെക്കുറിച്ചു അറിയാമോ എന്നു സംശയിക്കുന്നു. പക്കാൽമിഷ്യൻ വയലിലുള്ള നടിക്കുട എന്ന ഗ്രാമത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന തെലുങ്കുപ്രവർത്തകന്റെ ശബ്ദം മഹായിടവകയിലെ സണ്ടേസ്ക്കൂൾകുട്ടികളും അദ്ധ്യാപകരും കൂടെയാണു നൽകുന്നതു എന്നുള്ള വസ്തുത അറിവാൻ പാടില്ലാത്ത സണ്ടേസ്ക്കൂൾ അദ്ധ്യാപകർ ഇന്നും ഉണ്ടെന്നുള്ളതു പരമാർത്ഥമാണു. നടിക്കുടഗ്രാമത്തിലെ പ്രവർത്തനത്തിനുവേണ്ടി യാതൊരു സംഭാവനയും ഇതുവരെ നല്കാത്ത സണ്ടേസ്ക്കൂളുകൾ ഉണ്ടെന്നുള്ളതും വാസ്തവമാണു.

ഈ പക്കാൽ പട്ടണത്തിൽനിന്നു അഞ്ചുമൈൽ അകലെയുള്ള ഒരു ഗ്രാമമാണു നടിക്കുട. മാദിഗ ജാതിയിൽപ്പെട്ട കുറെപേർ സ്നാനപ്പെട്ട സഭയിൽ ചേർന്നതു 1938 സെപ്തംബർ 20 നു ആയിരുന്നു. ഇന്നു ആ ഗ്രാമത്തിൽ 20 കുടുംബങ്ങളിൽനിന്നു 90പേർ ക്രിസ്ത്യാനികളായിട്ടുണ്ടു. അവരിൽ മുപ്പതുപേർ പതിനഞ്ചു വയസ്സിനു താഴെയുള്ള കുട്ടികൾ ആകുന്നു. പതിനേഴു കുട്ടികൾക്കു എഴുതുവാനും വായിക്കുവാനും അറിയാം. ആ ഗ്രാമത്തിലുള്ള സർക്കാർവക പ്രൈമറിസ്കൂളിൽ അഞ്ചുപെൺകുട്ടികളും നാലുആൺകുട്ടികളും ഈയാണ്ടിൽ പഠിക്കുന്നുണ്ടു. നടിക്കുടഗ്രാമത്തിൽനിന്നു ഒരു ബാലൻ പക്കാലിലുള്ള നമ്മുടെ ബോർഡിങ്ങിൽ ഉണ്ടു. ദേവാനന്ദം എന്നു പേരായ ഇവൻ നാലാംക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുന്നു. 'ദേവാനന്ദം' എന്നു തന്നെ പേരായ മറെറാരു യുവാവു സ്കൂൾഫൈനൽ പരീക്ഷ പാസ്സായതിന്റെശേഷം ഹൈദ്രബാദിൽ ബസ്സ് കണ്ടക്ടർ ഉദ്യോഗത്തിനായി പരിശീലിച്ചുകൊണ്ടിരിക്കുന്നു. ഈ ഗ്രാമത്തിലുള്ള ക്രിസ്ത്യാനികളിൽ മൂന്നു കുടുംബങ്ങൾ ഒഴിച്ചു മറെറാക്കും തന്നെ സ്വന്തമായിട്ടു കൃഷിക്കു സ്ഥലമില്ല. കൂലിവേലചെയ്തു ഉപജീവനം കഴിച്ചു പോരുന്നവരാണു. ഒരു വീട്ടിലുള്ള പുരുഷനും സ്ത്രീയും പ്രായമുള്ള കുട്ടികളും എല്ലാവരുംകൂടെ കഷ്ടപ്പെട്ട പണിയെടുത്താൽ മാത്രമെ ആ കുടുംബത്തിനു പട്ടിണികൂടാതെ കഴിവാൻ സാധിക്കയുള്ളൂ.

നടിക്കുടഗ്രാമത്തിൽ നമ്മുടെ പ്രവർത്തകനായി ജോലി ചെയ്യുന്നതു ബൊട്ടല 'Botla' ആനന്ദം എന്ന യുവാവാണു. പ്രവർത്തകനു താമസത്തിനായി ഒരു ചെറിയ വീടു അവിടെ പണിതിട്ടുണ്ടു. തൊട്ടു തൊട്ടു വീടുകൾ നില്ക്കുന്ന ഈ ഗ്രാമത്തിൽ പ്രവർത്തകന്റെ വീടു ഇരിക്കുന്നതിനുള്ള സ്ഥലം മാത്രമെ നമുക്കു അവിടെയുള്ളൂ. വീടിന്റെ മുൻവശത്തു ഒരു ചെറിയ മുറത്തിനു മാത്രം സ്ഥലമുണ്ടെങ്കിലും അതു പരന്നും ചരിഞ്ഞും കിടക്കുന്ന ഒരു പാറയാണു. വീടിന്റെ മുൻവശത്തു അഞ്ചടിപീതിയിലും ഏട്ടടി നീളത്തിലും ഒരു ചാണ്ടു ഉണ്ടാക്കിയതിൽ ആകുന്നു ഈ അനേകസംവത്സരങ്ങളായി പ്രാർത്ഥന നടത്തി പോരുന്നതു. ആളുകൾ അധികം വരുമ്പോൾ മുറത്തുള്ള പാറപ്പുറത്തും പുരയുടെ ഇറമ്പിലും മറുമാണു ഇരിക്കുന്നതു.

അതുകൊണ്ടു ഏറെറവും അത്യാവശ്യമായി നടിക്കുടയിൽ ഒരു പ്രാർത്ഥനാലയം പണിയേണ്ടിയതാണു. ആ ഗ്രാമത്തിലുള്ള ക്രിസ്ത്യാനികൾ അതിനായിട്ടു ആഗ്രഹിക്കുകയും ചെയ്യുന്നു.

[ശേഷം കവർ 2-ാം പേജിൽ]